VOL NO: 08 I ISSUE 22
2024 JUNE 01 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നുമുള്ള സത്യവിശ്വാസികൾ ദേശത്തിന്റെയും ഭാഷയുടെയുമൊക്കെ അതിർവരമ്പുകൾ മറന്ന് ഒരേ സ്ഥലത്ത്, ഒരേ മനസ്സോടെ, ഒരേ ലക്ഷ്യത്തോടെ സമ്മേളിച്ച് ചെയ്യുന്ന പരിശുദ്ധമായ ആരാധനയാണ് ഹജ്ജ്. ഹജ്ജിന്റെ ഓരോ കർമവും വിളംബരം ചെയ്യുന്നത് പ്രപഞ്ച സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണവും ആരാധനയുമാണ്.

## ഹജ്ജ്; ഒരു അതുല്യ തീർഥാടനം

### ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ

|| ഓർമയെക്കുറിച്ച് ഓർക്കാം
|| പ്രമാണങ്ങളെ പിൻപറ്റുന്നവരാണ് വിശ്വാസികൾ
|| ദുൽഹജ്ജിലെ പത്തു ദിനരാത്രങ്ങളുടെ ശ്രേഷ്ഠതകൾ




PRICE ₹190

ശീഈ-സൂഫീ അന്തർധാരകളെക്കുറിച്ചുള്ള ആഴത്തിലുള്ള പ്രാമാണിക പഠനം. സൂഫീ ത്വരീഖത്തിന്റെ ഉള്ളറകൾ നേരിട്ട് കണ്ടറിഞ്ഞ് അതിന്റെ വഴികേട് പ്രാമാണികമായി തിരിച്ചറിഞ്ഞ് സൂഫിസത്തോട് വിട പറഞ്ഞ അബ്ദുൽ മജീദ്.എ.ആർ ആണ് ഈ കൃതി രചിച്ചിട്ടുള്ളത്.




PRICE ₹150

മതവിശ്വാസികൾക്കും അല്ലാത്തവർക്കും സ്വതന്ത്രമായി ചിന്തിക്കുവാനും കാര്യങ്ങൾ ഗ്രഹിക്കുവാനുമുള്ള ഒരു അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ചും പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ചും മതഗ്രന്ഥങ്ങളിൽ നിന്നും ശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നും കണ്ടെത്തിയ ചില സാമ്യതകളും വിയോജിപ്പുകളും ക്രോഡീകരിക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ ചെയ്യുന്നത്.

## 2 പുസ്തകങ്ങളും ഇപ്പോൾ 25% വിലക്കുറവിൽ




പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

WISDOM BOOKS
**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com
CONTACT: Mob: +91 7356 766 478

0384
# നേർപഥം
വാരിക

2024 ജൂൺ 01
1445 ദുൽഖഅദ് 24
പുസ്തകം 08 / ലക്കം 22




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




## സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നുമുള്ള സത്യവിശ്വാസികൾ ദേശത്തിന്റെയും ഭാഷയുടെയുമൊക്കെ അതിർവരമ്പുകൾ മറന്ന് ഒരേ സ്ഥലത്ത്, ഒരേ മനസ്സോടെ, ഒരേ ലക്ഷ്യത്തോടെ സമ്മേളിച്ച് ചെയ്യുന്ന പരിശുദ്ധമായ ആരാധനയാണ് ഹജ്ജ്. ഹജ്ജിന്റെ ഓരോ കർമവും വിളംബരം ചെയ്യുന്നത് പ്രപഞ്ച സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണവും ആരാധനയുമാണ്.

**05** മുഖമൊഴി
പ്രമാണങ്ങളെ പിൻപറ്റുന്നവരാണ് വിശ്വാസികൾ

**06** ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**08** ആരോഗ്യപഥം
ഓർമയെക്കുറിച്ച് ഓർക്കാം
അബ്ദുൽ മുസ്വവ്വിർ

**18** ചരിത്രപഥം
ഐക്യസംഘത്തിന്റെ മൂന്നാം വാർഷിക സമ്മേളനം
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:സ്വാഫ്ഫാത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ദുൽഹജ്ജിലെ പത്തു ദിനരാത്രങ്ങളുടെ ശ്രേഷ്ഠതകൾ
അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി

**30** കർമപഥം
വുദൂഅ് അഥവാ അംഗശുദ്ധി
വിവ. അബ്ദുൽ ജബ്ബാർ മദീനി

**34** കവിത
പൊൻ മകനേ...
ഹുസ്ന മലോറം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ലിവിങ് ടുഗതർ; ഹൈക്കോടതിയുടെ നിരീക്ഷണം സ്വാഗതാർഹം: വിസ്ഡം കുടുംബ സംഗമം

മുക്കം: ധാർമിക സദാചാരമൂല്യങ്ങൾ പുരോഗമനത്തിന് തടസ്സമാണെന്ന് വാദിക്കുന്നവർ കുടുംബബന്ധങ്ങളുടെ പവിത്രത ഇല്ലായ്മ ചെയ്യുന്നവരാണെന്ന് വിസ്ഡം യൂത്ത് സംഘടിപ്പിച്ച കുടുംബ സംഗമം അഭിപ്രായപ്പെട്ടു. വസ്ത്രധാരണത്തിലടക്കം മതപരമായ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനുള്ള സ്വാതന്ത്ര്യത്തിനെതിരെ ശബ്ദിക്കുന്നവർ ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെയാണ് തകർക്കാൻ ശ്രമിക്കുന്നത്. ഭൂരിപക്ഷം വരുന്ന മതവിശ്വാസികൾക്കുമേൽ മതവിരുദ്ധമായ ആശയങ്ങൾ പാഠ്യപദ്ധതി വഴി കുതന്ത്രത്തിലൂടെ ഒളിച്ചുകടത്താനുള്ള ചിലരുടെ ശ്രമങ്ങളെ വിദ്യാഭ്യാസ വകുപ്പുതന്നെ നേരിടണം. ലിവിങ് ടുഗതർ എന്ന അധാർമിക ജീവിതരീതിക്കെതിരെയുള്ള ഹൈക്കോടതിയുടെ നിരീക്ഷണം ആശാവഹമാണ്.

വിസ്ഡം യൂത്ത് കൊടിയത്തൂർ മണ്ഡലം സമിതി സംഘടിപ്പിച്ച കുടുംബ സംഗമത്തിൽ വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഹാരിസ് കായക്കൊടി ഉദ്ഘാടനം ചെയ്തു. വിസ്ഡം കൊടിയത്തൂർ മണ്ഡലം വൈസ് പ്രസിഡന്റ് നജീബ് സലഫി അധ്യക്ഷത വഹിച്ചു.

സംഗമത്തിൽ വിസ്ഡം യൂത്ത് മണ്ഡലം പ്രസിഡന്റ് അസീൽ സി വി, ജോ. സെക്രട്ടറി സുഹൈൽ കുളങ്ങര എന്നിവർ സംസാരിച്ചു. ഭാരവാഹികളായ ഹബീബ് റഹ്മാൻ, ഷബീർ വി, ഡോ. മുബീൻ എം, ഫത്തിൻ മുഹമ്മദ് സി.പി, ഇർഷാദ് നെല്ലിക്കാപറമ്പ് എന്നിവർ നേതൃത്വം നൽകി. ■

# വിസ്ഡം എജ്യൂക്കേഷൻ ബോർഡ് മദ്റസ പൊതുപരീക്ഷാഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: വിസ്ഡം എജ്യൂക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന മദ്റസകളിലെ 2023-2024 അധ്യയന വർഷത്തെ അഞ്ച്, എട്ട് ക്ലാസുകളിലെ പൊതുപരീക്ഷാ ഫലം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി പ്രഖ്യാപിച്ചു. അഞ്ചാം ക്ലാസിൽ 91.5 ശതമാനവും എട്ടിൽ 83.71 ശതമാനവുമാണ് വിജയം.

എട്ടാം ക്ലാസിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സലഫി മദ്റസയിലെ മുഹമ്മദ് സിയാൻ സി.കെ ഒന്നാം റാങ്ക് നേടി. അതേ മദ്റസയിലെ സജാദ് അലി രണ്ടാം റാങ്കും, പാലക്കാട് ജില്ലയിലെ പട്ടാമ്പി മദ്റസതുസ്സലഫിയ്യയിലെ ഫിദ ഫാത്തിമ കെ മൂന്നാം റാങ്കും കരസ്ഥമാക്കി.

അഞ്ചാം തരത്തിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ചൊമേരി ഗാർഡൻ മദ്റസതുസ്സലഫിയ്യയിലെ വഫ എം.കെ ഒന്നാം റാങ്ക് നേടി. മലപ്പുറം അൽഹിക്മ മദ്റസയിലെ ഇസാൻ സി.എച്ച് രണ്ടാം റാങ്കും, വയനാട് ജില്ലയിലെ വൈത്തിരി സലഫി മദ്റസയിലെ സന ഫാദിയ മൂന്നാം റാങ്കും കരസ്ഥമാക്കി.

## റാങ്ക് ജേതാക്കൾ

### എട്ടാം ക്ലാസ്:

- **മുഹമ്മദ് സിയാൻ സി.കെ (കണ്ണൂർ)**
  സലഫി മദ്റസ, തളിപ്പറമ്പ്
- **സജാദ് അലി (കണ്ണൂർ)**
  സലഫി മദ്റസ, തളിപ്പറമ്പ്
- **ഫിദ ഫാത്തിമ കെ ( പാലക്കാട്)**
  അൽമദ്റസത്തുസ്സലഫിയ്യ, പട്ടാമ്പി

### അഞ്ചാം ക്ലാസ്:

- **വഫ എം.കെ (പാലക്കാട്)**
  അൽ മദ്റസത്തുസ്സലഫിയ്യ, ചൊമേരി ഗാർഡൻ മണ്ണാർക്കാട്
- **ഇസാൻ സി.എച്ച് (മലപ്പുറം)**
  അൽഹിക്മ മദ്റമസ, മലപ്പുറം
- **സന ഫാദിയ (വയനാട് )**
  സലഫി മദ്റസ, വൈത്തിരി

# പ്രമാണങ്ങളെ പിൻപറ്റുന്നവരാണ് വിശ്വാസികൾ

ഏതൊരു ആരാധനയും അല്ലാഹുവിങ്കൽ സ്വീകാര്യമാകണമെങ്കിൽ അന്യൂനമായ വിശ്വാസവും ആത്മാർഥതയും ഉദ്ദേശ്യശുദ്ധിയും അനിവാര്യമാണ്. ഖേദകരമെന്നു പറയട്ടെ; ഇന്ന് പലരും ഹജ്ജിന് പോകാൻ സമയമായാൽ ആദ്യം ചെയ്യുന്നത് വിവിധ ജാറങ്ങൾ സന്ദർശിച്ച് ഖബ്റാളികളോട് പ്രാർഥിക്കുകയും അവരുടെ അനുഗ്രഹങ്ങൾ തേടുകയുമാണ്. അല്ലാഹുവിന്റെ ഭവനത്തിലേക്കുള്ള യാത്ര സുരക്ഷിതവും സഫലവുമായിത്തീരാൻ അവന്റെ സൃഷ്ടികളോട് പ്രാർഥിക്കുന്നതിലെ വിരോധാഭാസത്തെക്കുറിച്ച് ചിന്തിക്കുക. ക്വുർആനിന്റെ അധ്യാപനങ്ങൾക്കും ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങൾക്കും എതിരായ ഈ പ്രവർത്തനം ചെയ്തുകൊണ്ട് ഹജ്ജ് യാത്ര തുടങ്ങിയാൽ ലഭിക്കുക നഷ്ടമോ നേട്ടമോ? അല്ലാഹു പറഞ്ഞു:

"പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (72:18). "(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല"(72:20).

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്"(2:186).

ഹജ്ജിന്റെ കർമങ്ങൾ എന്തൊക്കെയാണെന്നും എങ്ങനെയാണവ നിർവഹിക്കേണ്ടതെന്നും മനസ്സിലാക്കേണ്ടത് ക്വുർആനിൽനിന്നും നബിചര്യയിൽനിന്നുമാണ്. ദൗർഭാഗ്യവശാൽ നിരവധിയാളുകൾ ഇതിനായി അവലംബിക്കുന്നത് ചില 'മനാസിക്' ഗ്രന്ഥങ്ങളാണ്. അവയിലാകട്ടെ ക്വുർആനിലോ ഹദീസിലോ ഇല്ലാത്ത, ആരോ എഴുതിയുണ്ടാക്കിയ പ്രാർഥനകളായിരിക്കും കൂടുതൽ. ഈ പ്രാർഥനകൾ മനഃപാഠമാക്കിയോ പുസ്തകം നോക്കിയോ ഉരുവിട്ടാലേ ഹജ്ജ് സ്വീകാര്യമാകൂ എന്ന് തെറ്റായി മനസ്സിലാക്കിയവരാണ് നമ്മുടെ നാട്ടിൽനിന്ന് ഹജ്ജിന് പോകുന്നവരിൽ നല്ലൊരു ശതമാനവും.

ഹജ്ജിലെ സുപ്രധാനമായ ഒരു കർമമാണ് അറഫയിലെ നിറുത്തം. നബി(സ്വ) സൂര്യൻ അസ്തമിക്കുന്നതുവരെ അവിടെ നിൽക്കുകയും അസ്തമയശേഷം അവിടെനിന്ന് മഗ്‌രിബ് നമസ്കരിക്കാതെ പുറപ്പെടുകയും മുസ്ദലിഫയിൽ ചെന്നിട്ട് മഗ്‌രിബും ഇശാഉം ഒന്നിച്ച് നമസ്കരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ പലരും ഇതിനെതിരായി പ്രവർത്തിക്കാറുണ്ട്. അറഫയിൽ മഗ്‌രിബ് നമസ്കരിക്കുന്നതും മഗ്‌രിബിന് മുമ്പ് അവിടെനിന്ന് പുറപ്പെടുന്നതും നബിചര്യക്ക് വിരുദ്ധമാണ്. ഹജ്ജിലെ ബലികർമം നബി(സ്വ) നിർവഹിച്ചിരുന്നത് ദുൽഹിജ്ജ പത്തിനായിരുന്നു. അതിനുമുമ്പ് നബി(സ്വ)യോ സ്വഹാബിമാരോ ബലിയറുത്തിട്ടില്ല. പക്ഷേ, സ്വകാര്യ ഹജ്ജ്ഗ്രൂപ്പുകളെ നയിക്കുന്ന ചില പുരോഹിതന്മാർ പത്തിനു മുമ്പായി ബലിയറുക്കാൻ പ്രേരിപ്പിക്കാറുണ്ട്; അങ്ങനെ പലരും ബലിയറുക്കാറുമുണ്ട്.

ജംറകളിൽ കടലമണിയുടെ വലുപ്പത്തിലുള്ള കല്ലുകൊണ്ട് എറിയലാണ് നബിചര്യ. എന്നാൽ പലരും വലിയ കല്ലുകൾകൊണ്ടും ചെരിപ്പുകൊണ്ടും വരെ എറിഞ്ഞ് നബിചര്യക്ക് എതിരു പ്രവർത്തിക്കുന്നത് കാണാം. മസ്ജിദുൽ ഹറാമിൽ വെച്ചുള്ള ഒരു നമസ്കാരത്തിന് ഒരു ലക്ഷം നമസ്കാരത്തിന്റെ പുണ്യം ലഭിക്കുമെന്നിരിക്കെ അവിടെയുള്ള നമസ്കാരത്തിനും ത്വവാഫിനും പ്രാർഥനക്കും ക്വുർആൻ പാരായണത്തിനുമുള്ള അവസരം നഷ്ടപ്പെടുത്തി ഗുഹകളും യുദ്ധം നടന്ന സ്ഥലങ്ങളും കാണാനും ജിദ്ദയിൽ ചുറ്റിയടിക്കാനും സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിക്കാനുമായി സമയം ധാരാളം ചെലവഴിക്കുന്നവരുണ്ട്. അല്ലാഹു നൽകുന്ന അളവറ്റ പ്രതിഫലം ആഗ്രഹിച്ച് പരിശുദ്ധ നാട്ടിലെത്തിയവർ അത് നേടിയെടുക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ അത് നികത്താനാവാത്ത ഒരു നഷ്ടം തന്നെയായിരിക്കും; തീർച്ച. ■

ഡോ. ടി. കെ. യൂസുഫ്
: 9349798262



# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ 05

**29. അമുസ്‌ലിംകളോട് നീതി കാണിക്കുക**

നീതി പാലിക്കുക എന്നത് മുസ്‌ലിംകളുടെ കടമയും കർത്തവ്യവുമാണ്. അതിൽ ജാതിയുടെയും മതത്തിന്റെയും വേർതിരിവുകൾ പാടില്ല. അല്ലാഹു പറയുന്നു:

“മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല.

തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

**30. കടം വാങ്ങിയവന് ഇടനൽകുക**

സാമ്പത്തിക പ്രയാസമുള്ളവരെ കടം നൽകി സഹായിക്കുകയെന്നത് ഇസ്‌ലാമിൽ വളരെ പ്രതിഫലാർഹമായ പുണ്യകർമമാണ്. കടം വാങ്ങിയവന് നിശ്ചിത അവധിക്ക് കടം വീട്ടാൻ കഴിയാതെ വരികയാണെങ്കിൽ അവർക്ക് കടം വീട്ടാനുള്ള അവധി നീട്ടികൊടുക്കാൻ ക്വുർആൻ അനുശാസിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"ഇനി (കടം വാങ്ങിയവരിൽ) വല്ല ഞെരുക്കക്കാരനും ഉണ്ടായിരുന്നാൽ (അവന്ന്) ആശ്വാസമുണ്ടാകുന്നതുവരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ നിങ്ങൾ ദാനമായി (വിട്ടു)കൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം; നിങ്ങൾ അറിവുള്ളവരാണെങ്കിൽ" (2:280).

**31. യുദ്ധരംഗത്ത് അതിക്രമം അരുത്**

വിശ്വാസികൾക്ക് അനിവാര്യഘട്ടങ്ങളിൽ യുദ്ധം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകുന്നുണ്ടെങ്കിലും ഒരിക്കലും യുദ്ധനിയമങ്ങൾ ലംഘിക്കുകയോ അതിക്രമം ചെയ്യുകയോ ചെയ്യരുതെന്ന് ക്വുർആൻ കൽപിക്കുന്നതായി കാണാം.

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹുഇഷ്ടപ്പെടുകയില്ല തന്നെ" (2:190).

യുദ്ധരംഗത്ത് അനുവർത്തിക്കേണ്ട മര്യാദകൾ ഹദീസിലും വ്യക്തമാക്കുന്നുണ്ട്. നബി(സ്വ) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക. അല്ലാഹുവിൽ അവിശ്വസിക്കുന്നവരുമായി നിങ്ങൾ അടരാടുക. നിങ്ങൾ യുദ്ധം ചെയ്യുക, നിങ്ങൾ അതിരുകവിയരുത്. നിങ്ങൾ വഞ്ചിക്കരുത്. നിങ്ങൾ യുദ്ധത്തിൽ മരണപ്പെട്ടവരുടെ മൃതശരീരങ്ങളെ അംഗവിച്ഛേദം ചെയ്യരുത്. കുഞ്ഞുങ്ങളെയും മഠങ്ങളിലുള്ള പുരോഹതിരെയും നിങ്ങൾ വകവരുത്തരുത്."

അനിവാര്യഘട്ടങ്ങളിൽ മാത്രമാണ് ഇസ്‌ലാം യുദ്ധം അനുവദിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നിലനിൽപിന് ഭീഷണി നേരിടുകയും മറ്റു മാർഗങ്ങളൊന്നും കാണാതിരിക്കുകയും ചെയ്യുമ്പോഴാണ് ആയുധമെടുക്കാൻ അനുമതിയുള്ളത്. യുദ്ധത്തിന്റെ മുഴുവൻ നിയമങ്ങളും പാലിച്ചുകൊണ്ടായിരിക്കണം യുദ്ധം ചെയ്യേണ്ടത്. ഇങ്ങനെ യുദ്ധത്തിന് ഒരുങ്ങിപ്പുറപ്പെട്ടതിനുശേഷം മരണഭയംകൊണ്ടോ പരാജയഭീതികൊണ്ടോ ഒളിച്ചോടുന്നത് ഇസ്‌ലാമിൽ പൊറുക്കപ്പെടാത്ത പാപമാണ്.

**3. യുദ്ധക്കളത്തിൽനിന്ന് ഒളിച്ചോടരുത്**

അനിവാര്യഘട്ടങ്ങളിൽ മാത്രമാണ് ഇസ്‌ലാം യുദ്ധം അനുവദിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നിലനിൽപിന് ഭീഷണി നേരിടുകയും മറ്റു മാർഗങ്ങളൊന്നും കാണാതിരിക്കുകയും ചെയ്യുമ്പോഴാണ് ആയുധമെടുക്കാൻ അനുമതിയുള്ളത്. യുദ്ധത്തിന്റെ മുഴുവൻ നിയമങ്ങളും പാലിച്ചുകൊണ്ടായിരിക്കണം യുദ്ധം ചെയ്യേണ്ടത്. ഇങ്ങനെ യുദ്ധത്തിന് ഒരുങ്ങിപ്പുറപ്പെട്ടതിനുശേഷം മരണഭയംകൊണ്ടോ പരാജയഭീതികൊണ്ടോ ഒളിച്ചോടുന്നത് ഇസ്‌ലാമിൽ പൊറുക്കപ്പെടാത്ത പാപമാണ്. അനിവാര്യമായ കാരണങ്ങളുണ്ടെങ്കിൽ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാൻ വിശ്വാസികൾക്ക് അനുവാദമുണ്ട്. എന്നാൽ യുദ്ധം തുടങ്ങിയാൽ ഒരിക്കലും പിന്തിരിയരുത്.

"സത്യവിശ്വാസികളേ, സത്യനിഷേധികൾ പടയണിയായി വരുന്നതു നിങ്ങൾ കണ്ടാൽ നിങ്ങൾ അവരിൽനിന്ന് പിന്തിരിഞ്ഞ് ഓടരുത്. യുദ്ധ(തന്ത്ര)ത്തിനായി സ്ഥാനം മാറുന്നതിനോ (സ്വന്തം) സംഘത്തോടൊപ്പം ചേരുന്നതിനോ അല്ലാതെ. അന്ന് അവരിൽനിന്ന് (ശത്രുക്കളുടെ മുമ്പിൽനിന്ന്) വല്ലവനും പിന്തിരിഞ്ഞുകളയുന്നപക്ഷം, അവൻ അല്ലാഹുവിൽനിന്നുള്ള കോപത്തിനു പാത്രമായിരിക്കുന്നതും അവന്റെ സങ്കേതം നരകമായിരിക്കുന്നതുമാണ്. ചെന്നുചേരാൻ കൊള്ളരുതാത്ത സ്ഥലമത്രെ അത്" (8:16).

### 33. സമാധാനം ആഗ്രഹിക്കുന്നവരോട് സഖ്യത്തിലേർപ്പെടുക

ശത്രുക്കൾ ശത്രുത അവസാനിപ്പിച്ചാൽ, അല്ലെങ്കിൽ സമാധാന സന്ധിക്ക് മുതിർന്നാൽ പിന്നീട് അവരെ കയ്യേറ്റം ചെയ്യാൻ പാടില്ല. ശത്രുപക്ഷത്തുള്ളവർ സത്യം മനസ്സിലാക്കി ഇസ്‌ലാം ആശ്ലേഷിച്ച സംഭവങ്ങൽ ഇസ്‌ലാമിക ചരിത്രത്തിൽ എമ്പാടും കാണാൻ സാധിക്കും. അല്ലാഹു പറയുന്നു:

“ഇനി, അവർ സമാധാനത്തിലേക്ക് ചായ്‌വു കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്‌വു കാണിക്കുകയും അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുകയും ചെയ്യുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവൻ” (8:61).

### 35. യുദ്ധരംഗത്ത് ശത്രുക്കളിൽനിന്ന് അഭയം തേടുന്നവർക്ക് അഭയം നൽകുക

വിശ്വാസം, സത്യം, ധർമം, നീതി, സ്വാതന്ത്ര്യം, അവകാശം, നിലനിൽപ് എന്നിവക്കു വേണ്ടിയാണ് മുസ്‌ലിംകൾ യുദ്ധം ചെയ്യാറുള്ളത്. ശത്രുപക്ഷത്തുള്ള നിഷ്പക്ഷമതികൾ ഈ വസ്തുത മനസ്സിലാക്കി അസത്യത്തിന്റെ അനുയായികളിൽനിന്നും പിന്മാറി സത്യത്തിന്റെ സംഘത്തോടപ്പം ചേരാൻ മുസ്‌ലിംകളിൽ അഭയം തേടാറുണ്ട്. ഇങ്ങനെ ആരെങ്കിലും അഭയംതേടി വരികയാണെങ്കിൽ അവർക്ക് അഭയം നൽകണമെന്ന് ക്വുർആൻ നിർദേശിക്കുന്നു.

“ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെയടുക്കൽ അഭയംതേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതുകൊണ്ടാണത്...”(9:6)

*(തുടരും)*



# ഓർമയെക്കുറിച്ച് ഓർക്കാം

ഇന്ദ്രിയങ്ങളിലൂടെ തലച്ചോറിലെത്തി അവിടെ തിരിച്ചറിഞ്ഞ് ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ ഒരു സമാഹാരമാണ് ഓർമ. ശബ്ദമായി, കാഴ്ചയായി, രുചിയായി, ഗന്ധമായി... അങ്ങനെ പലതരത്തിൽ ഓർമകൾ ശേഖരിക്കപ്പെടുന്നുണ്ട്. പിന്നീട് വീണ്ടെടുക്കപ്പെടാവുന്ന വിധമാണ് തലച്ചോറിൽ അത് കോഡ് ചെയ്യപ്പെടുന്നത്. കണ്ണിലൂടെയും മൂക്കിലൂടെയും ചർമത്തിലൂടെയും നാക്കിലൂടെയും ചെവിയിലൂടെയുമെല്ലാം ഒട്ടേറെ സംവേദനങ്ങൾ നമ്മുടെ തലച്ചോറിൽ എത്തുന്നുണ്ട്. എന്നാൽ ഇത്തരം സംവേദനങ്ങളിൽ പലതും ഓർമകളായി മാറുന്നില്ല.

### എന്തെല്ലാം ഓർക്കണം?

തലച്ചോറിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന വിവരങ്ങളിൽ എന്തെല്ലാം ഓർക്കണം എന്ന് നമ്മൾ ഓരോരുത്തരുമാണ് തീരുമാനിക്കുന്നത്. ഓർമകൾ ശേഖരിക്കപ്പെടുന്നതു മുതൽ തിരിച്ചെടുക്കുന്നത് വരെയുള്ള കാര്യങ്ങൾ മസ്തിഷ്കത്തിലെ വിവിധ ഭാഗങ്ങളിലാണ് നടക്കുന്നത്. സങ്കീർണമായ ഒരു പ്രക്രിയയാണ് ഇത്. പ്രധാനമായി മൂന്ന് ഘട്ടങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്:

അബ്ദുൽ മുസ്വവ്വിർ



### ശേഖരണം

ഇന്ദ്രിയങ്ങളിലൂടെ എത്തുന്ന വിവരങ്ങൾ ആദ്യം തിരിച്ചറിയപ്പെടുകയും ശേഖരിക്കപ്പെടുകയും ചെയ്യുന്നത് തലച്ചോറിലെ ഫ്രോണ്ടൽ ലോബിലാണ്.

### ഉറപ്പിക്കൽ

ടെംപറൽലോബിൽ വെച്ചാണ് ഓർമകളുടെ എൻകോഡിംഗ് നടക്കുന്നത്. പ്രത്യേകിച്ച് ടെംപറൽ ലോബിലെ ഹിപ്പോ കാംപസ്, അമിഡ്ഗല എന്നിവിടങ്ങളിൽ. അടുത്തഘട്ടം വിവരങ്ങൾ ഉറപ്പിച്ചു നിർത്തുക എന്നതാണ്. ഇത് പ്രധാനമായും നടക്കുന്നത് ഹിപ്പോകാംപസിലാണ്.

### വീണ്ടെടുക്കൽ

വിവരങ്ങളെ വീണ്ടെടുക്കുന്നതാണ് അടുത്ത ഘട്ടം. ഹിപ്പോകാംപസ്, അമിഡ്ഗല, ഓക്സിപിറ്റൽ ലോബ് തുടങ്ങിയ തലച്ചോറിന്റെ ഭാഗങ്ങൾ ഇതിൽ പങ്കാളികളാകുന്നുണ്ട്. ദീർഘകാല ഓർമകൾ തിരഞ്ഞെടുക്കപ്പെടുന്നത് ഹിപ്പോകാംപസിലൂടെയാണ്. ഇവിടെയുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും നമ്മുടെ ഓർമശക്തിയെ സ്വാധീനിക്കും. വൈകാരിക സ്വഭാവമുള്ള ഓർമകൾ തിരഞ്ഞെടുക്കപ്പെടുന്നത് അമിഡ്ഗലയിൽ നിന്നാണ്. കാഴ്ചയുമായി ബന്ധപ്പെട്ട ഓർമകൾ വീണ്ടെടുക്കുന്നതാകട്ടെ ഓക്സിപിറ്റൽ ലോബിലൂടെയും.

### തലച്ചോറിലെ ഇടതും വലതും

തലച്ചോറിന്റെ ഇടതുഭാഗമാണ് യുക്തിപരവും ഗണിതപരവുമായ കാര്യങ്ങൾ കണക്കാക്കുന്നതും തീരുമാനമെടുക്കുന്നതും. കലാപരവും വൈകാരികവുമായ കാര്യങ്ങൾ സൂക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും തലച്ചോറിന്റെ വലതുഭാഗമാണ്.

### മറന്നുപോകുന്നത് എന്തുകൊണ്ട്?

ഓരോ സമയവും മസ്തിഷ്കത്തിലേക്ക് ഒരുപാട് കാര്യങ്ങൾ എത്തിച്ചേരുന്നുണ്ട്. അതുകൊണ്ടു തന്നെ പഴയ ഓർമകൾ സ്വാഭാവികമായി മാഞ്ഞുപോകുന്നതാണ് ഒരു കാരണം. വിവരങ്ങളുടെ കൂടിക്കുഴലാണ് മറ്റൊന്ന്. അതായത് മസ്തിഷ്കത്തിലേക്ക് എത്തുന്ന പുതിയ വിവരം പഴയൊരു ഓർമയുമായി കൂടിക്കുഴയുന്നു. അതോടെ പഴയ കാര്യങ്ങൾ ഓർക്കാൻ കഴിയാതാവുന്നു. തലച്ചോറിലെത്തുന്ന വിവരങ്ങൾ ശരിയായവിധം ശേഖരിക്കാൻ കഴിയാതിരിക്കുന്നതും മറവിയിലേക്ക് നയിക്കുന്നു.

ചില കാര്യങ്ങൾ മനസ്സിൽ അടക്കിയൊതുക്കിവയ്ക്കാനും മനഃപൂർവം മറക്കാനും നാം ശ്രമിക്കാറുണ്ട്; ഇഷ്ടമില്ലാത്ത സംഭവങ്ങൾ, ദൃശ്യങ്ങൾ തുടങ്ങിയവ. അപ്പോൾ മനഃസമ്മർദം കൂടുകയും ആവശ്യമുള്ള കാര്യങ്ങൾ പോലും മറന്നുപോവുയോ ഓർമിക്കാൻ സാധിക്കാതെ വരികയോ ചെയ്യും. വിഷാദം, മാനസിക സമ്മർദം, തൈറോയ്ഡ് രോഗങ്ങൾ, മദ്യപാനം തുടങ്ങിയവയും മറവിക്ക് കാരണമാകാറുണ്ട്.

*(അവലംബം).*

ചില കാര്യങ്ങൾ മനസ്സിൽ അടക്കിയൊതുക്കിവയ്ക്കാനും മനഃപൂർവം മറക്കാനും നാം ശ്രമിക്കാറുണ്ട്; ഇഷ്ടമില്ലാത്ത സംഭവങ്ങൾ, ദൃശ്യങ്ങൾ തുടങ്ങിയവ. അപ്പോൾ മനഃസമ്മർദം കൂടുകയും ആവശ്യമുള്ള കാര്യങ്ങൾ പോലും മറന്നുപോവുയോ ഓർമിക്കാൻ സാധിക്കാതെ വരികയോ ചെയ്യും. വിഷാദം, മാനസിക സമ്മർദം, തൈറോയ്ഡ് രോഗങ്ങൾ, മദ്യപാനം തുടങ്ങിയവയും മറവിക്ക് കാരണമാകാറുണ്ട്.

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

# ഹജ്ജ്; ഒരു അതുല്യ തീർഥാടനം

ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നുമുള്ള സത്യവിശ്വാസികൾ ദേശത്തിന്റെയും ഭാഷയുടെയുമൊക്കെ അതിർവരമ്പുകൾ മറന്ന് ഒരേ സ്ഥലത്ത്, ഒരേ മനസ്സോടെ, ഒരേ ലക്ഷ്യത്തോടെ സമ്മേളിച്ച് ചെയ്യുന്ന പരിശുദ്ധമായ ആരാധനയാണ് ഹജ്ജ്. ഹജ്ജിന്റെ ഓരോ കർമവും വിളംബരം ചെയ്യുന്നത് പ്രപഞ്ച സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണവും ആരാധനയുമാണ്.

ഈ ഭൂമിയിലേക്ക് പിറന്നുവീണ നിഷ്കളങ്കനായ ഒരു കുഞ്ഞിന്റെ ഹൃദയവുമായി തിരിച്ചുവരാൻ കാരണമാകുന്ന ശ്രേഷ്ഠമായ കർമമാണ് ഹജ്ജ്. വിശ്വാസികൾ ഹജ്ജിനായി കൊതിക്കുന്നത് ഈ സൗഭാഗ്യം നേടാൻവേണ്ടി തന്നെയാണ്. ജീവിതലക്ഷ്യമായ സ്വർഗപ്രവേശം നേടാനായി സംശുദ്ധമായ മനസ്സുമായി സ്രഷ്ടാവിന്റെ അടുക്കൽ എത്തിച്ചേരാൻ ഹജ്ജിലൂടെ വിശ്വാസികൾക്ക് സാധ്യമാവുകയാണ്. മനസ്സും ശരീരവും ഒരേപോലെ അല്ലാഹുവിന്റെ കൽപന സ്വീകരിക്കാൻ തയ്യാറാവുന്ന പവിത്രമായ അവസരമാണ് ഹജ്ജിലൂടെ സംജാതമാവുന്നത്.

ആദർശപിതാവ് ഇബ്റാഹീം നബി(അ)യും മകൻ ഇസ്മാഈലും (അ) അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടി പണികഴിപ്പിച്ച ആദ്യഭവനമായ കഅ്ബത്തിങ്കൽ ചെല്ലാതെ ഹജ്ജ് ചെയ്യാൻ സാധ്യമല്ല. അല്ലാഹു പറയുന്നു: "ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേ



ശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും" (ക്വുർആൻ 22: 26,27).

അന്നുമുതൽ തുടങ്ങിയതാണ് ലോകത്തിന്റെ അഷ്ടദിക്കുകളിൽനിന്നുമുള്ള വിശ്വാസിസമൂഹത്തിന്റെ ഈ പുണ്യഗേഹത്തെ ലക്ഷ്യമാക്കിയുള്ള പ്രയാണം! ആ ഭവനം ഒന്നു കാണുവാനും അവിടെയെത്തി ഒരുവട്ടമെങ്കിലും ആരാധന ചെയ്യുവാനുമുള്ള ആഗ്രഹം ഏതൊരു വിശ്വാസിയും മനസ്സിൽ സൂക്ഷിക്കുന്നതാണ്. മുൻകാലങ്ങളിൽ അത് പ്രയാസകരവും ഭൂരിപക്ഷം വിശ്വാസികൾക്കും ഒരു സ്വപ്നവും മാത്രമായിരുന്നുവെങ്കിൽ ആധുനിക കാലത്ത് ഗതാഗത സൗകര്യങ്ങളും സാമ്പത്തികാഭിവൃദ്ധിയും ആ സ്വപ്നം സാക്ഷാത്കരിക്കാൻ ഏറെ സഹായകമായിട്ടുണ്ട്.

**ഏകദൈവാരാധനയുടെ പ്രാധാന്യം**

എല്ലാ പ്രവാചകന്മാരും പ്രബോധിതസമൂഹത്തോട് പ്രഥമവും പ്രധാനവുമായി വിളംബരം ചെയ്തത് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദ് (ഏകദൈവാരാധന) ആണ്. തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കുന്നവരുടെ കർമങ്ങൾ മാത്രമെ പാരത്രിക ലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

"അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചികപോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (അന്നൂർ 39).

ശിർക്ക് ചെയ്യുന്നവന്റെ കർമങ്ങൾ അസ്വീകാര്യമാണെന്നും അവന്റെ പാപങ്ങളൊന്നും പൊറുക്കപ്പെടില്ലെന്നും ഖുർആൻ കൃത്യമായി പഠിപ്പിക്കുന്നത് കാണുക: "തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്" (അന്നിസാഅ് 48).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (അസ്സുമർ 65).

തൗഹീദിന്റെ മഹത്ത്വവും പ്രാധാന്യവും, ശിർക്കിന്റെ ഗൗരവവും അപകടവും മുകളിൽ കൊടുത്തഖുർആൻ വചനങ്ങൾ വ്യക്തമാക്കുന്നു. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിലും കർമകാര്യങ്ങളിലും പ്രവാചകൻ തന്റെ ജനതയെ ഒന്നാമതായി പഠിപ്പിച്ചത് തൗഹീദ് തന്നെയാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേത് ഹജ്ജാണ്. ഹജ്ജിന്റെ ഓരോ സന്ദർഭത്തിലും തൗഹീദിന്റെ വിളംബരമാണ് നടക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം.

## ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി നേടൽ

ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകളൊത്ത ഓരോ മുസ്‌ലിമിനും ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.

"മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു" (അൽഹജ്ജ് 97). "നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക" (അൽബഖറ 196). ഈ സൂക്തങ്ങളിൽനിന്ന് ഹജ്ജ് ലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിർവഹിക്കേണ്ട ആരാധനകർമമാണെന്ന് വളരെ വ്യക്തമാണ്.

ഖുർആനിൽ ഹജ്ജിന്റെ വിധി പ്രസ്താവിക്കുന്ന സന്ദർഭത്തിൽ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കേണ്ടതിന്റെയും, അവനെ ഓർക്കേണ്ടതിന്റെയും, അവനെ മാത്രം ആരാധിക്കേണ്ടതിന്റെയും ആവശ്യകത ഊന്നിപ്പറയുന്നത് കാണാം.

## വിശ്വാസ വിമലീകരണം അനിവാര്യം

സൂറത്തുൽ ഹജ്ജിൽ വന്ന ഹജ്ജുമായി ബന്ധപ്പെട്ട ആയത്തുകളിൽ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് വഴിനടത്തുകയും ശിർക്കിനെ പാടെ നിരാകരിക്കണമെന്ന്

> ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യുമ്പോൾ അല്ലാഹുവിന്റെ കൽപനക്ക് ഞാൻ വിധേയനാണ്, അവന്റെ താൽപര്യത്തിനാണ് സ്വന്തം താൽപര്യത്തെക്കാൾ ഞാൻ മുൻതൂക്കം നൽകുന്നത് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. സാധാരണ ധരിക്കുന്ന വസ്ത്രത്തിൽനിന്ന് മാറി പ്രത്യേക വസ്ത്രം, പ്രത്യേക രൂപത്തിൽ ധരിക്കാൻ സന്നദ്ധമാവുന്നു. ഇതിൽ സാധാരണക്കാരനെന്നോ, പണക്കാരനെന്നോ, അഭ്യസ്തവിദ്യനെന്നോ, അജ്ഞനെന്നോ, രാജാവെന്നോ, പ്രജയെന്നോ വ്യത്യാസമില്ല. ഏകനായ റബ്ബിന്റെ കൽപനയ്ക്കു മുന്നിൽ എല്ലാവരും ഒരുപോലെ, ഒരു മനസ്സോടെ.

വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നത് കാണുക:

"ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും" (അൽഹജ്ജ് 26,27).

ഇതിന് ശേഷം അല്ലാഹു പറയുന്നു: "അത്

(നിങ്ങൾ ഗ്രഹിക്കുക) അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതി കേൾപിക്കപ്പെടുന്ന തൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന രിജ്സിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വ്യാജവാക്കിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു. അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്നപക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽനിന്നുണ്ടാകുന്നതത്രെ" (അൽഹജ്ജ് 30-32).



### സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണം

"ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് ഉപജീവനത്തിനായി അല്ലാഹു നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നുമാത്രം നിങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 34).

ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ല അല്ലാഹുവിന് ആവശ്യം, മറിച്ച് അവനെ മാത്രം ആരാധിച്ചുകൊണ്ടുള്ള ധർമനിഷ്ഠമായ ജീവിതമാണ്.

"...അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തിത്തന്നിരിക്കുന്നു. (നബിയേ,) സദ്വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 36,37).

ഉപരിസൂചിത ക്വുർആൻ സൂക്തങ്ങളെല്ലാം വിശ്വാസികളോട് ആവശ്യപ്പെടുന്നത് എല്ലാ അവസരങ്ങളിലും അവസ്ഥകളിലും അല്ലാഹുവിനെ ഓർക്കുകയും അവന്റെ ഏകത്വത്തെ അംഗീകരിക്കുകയും അനുസരണയിലും ബലിയടക്കമുള്ള ഹജ്ജ് കർമങ്ങളിലുടനീളവും അവനെ ഏകനാക്കുകയും ചെയ്യുകയെന്നതാണ്.

### ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ

ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യുമ്പോൾ അല്ലാഹുവിന്റെ കൽപനക്ക് ഞാൻ വിധേയനാണ്, അവന്റെ താൽപര്യത്തിനാണ് സ്വന്തം താൽപര്യത്തെക്കാൾ ഞാൻ മുൻതൂക്കം നൽകുന്നത് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. സാധാരണ ധരിക്കുന്ന വസ്ത്രത്തിൽനിന്ന് മാറി പ്രത്യേക വസ്ത്രം, പ്രത്യേക രൂപത്തിൽ ധരിക്കാൻ സന്നദ്ധമാവുന്നു. ഇതിൽ സാധാരണക്കാരനെന്നോ, പണക്കാരനെന്നോ, അഭ്യസ്തവിദ്യനെന്നോ, അജ്ഞനെന്നോ, രാജാവെന്നോ, പ്രജയെന്നോ വ്യത്യാസമില്ല. ഏകനായ റബ്ബിന്റെ കൽപനയ്ക്കു മുന്നിൽ എല്ലാവരും ഒരുപോലെ, ഒരു മനസ്സോടെ.

### തൽബിയ്യത്ത്

ഇഹ്റാമിന് ശേഷം, ഹാജിമാർ ത്വവാഫ് ആരംഭിക്കുന്നതുവരെ തൽബിയ്യത്ത് ചൊല്ലണം. അല്ലാഹുവിന്റെ ഏകത്വവും ആരാധ്യതയും ഏറ്റവും ഉദാത്തമായ രൂപത്തിൽ പ്രഖ്യാപിക്കുന്നതാണ് തൽബിയ്യത്ത്. ഇത് ആശയമറിഞ്ഞ് ആത്മാർഥമായി പ്രഖ്യാപിക്കുന്ന ഒരു മനുഷ്യന് എങ്ങനെയാണ് അല്ലാഹുവല്ലാത്തവരിലേക്ക് അഭയംതേടാൻ കഴിയുക?

'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈകലാശരീകലകലബ്ബൈക്,

ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽക്, ലാ ശരീക ലക്' എന്നാണ് തൽബിയ്യത്തിന്റെ രൂപം.

"അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കാളിയുമില്ല. നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, സ്തുതികളും അനുഗ്രഹവും മുഴുവനും നിനക്കാണ്; അധികാരവും. നിനക്ക് യാതൊരു പങ്കാളിയുമില്ല"(മുസ്‌ലിം).

ഈ തൽബിയ്യത്താകുന്ന തൗഹീദിന്റെ ദിക്റ് ഹജ്ജ്, ഉംറ വേളകളിൽ മാത്രമെ ഇസ്‌ലാം നിയമമാക്കിയിട്ടുള്ളൂവെന്നത് നാം പ്രത്യേകം ശ്രദ്ധിക്കണം.

തൽബിയ്യത്തിൽ ഹംദും നിഅ്മതും മുൽകും അടങ്ങിയിരിക്കുന്നു. ഈ മൂന്നും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ഉന്നതമായ മഹത്ത്വവും സമ്പൂർണ വിശേഷണവുമുള്ള അല്ലാഹുവിനാണ് സർവസ്തുതിയും, എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽനിന്ന് മാത്രമാണ്, അവനിലേക്കുമാണ്. അധികാരം മുഴുവനും എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന് മാത്രമാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയാണ് വ്യക്തമാക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഏകനായ അല്ലാഹുവിന് മാത്രമുള്ളതാണ്. ഈ പ്രഖ്യാപനമാണ് തൽബിയ്യത്തിലൂടെ ഓരോ ഹാജിയും നടത്തുന്നത്.

മക്കയിലെ മുശ്‌രിക്കുകളും തൽബിയ്യത്ത് ചൊല്ലിയിരുന്നു. പ്രവാചകനും സ്വഹാബികളും ചൊല്ലിയിരുന്ന തൽബിയത്തിനോട് സമാനതയുണ്ടെങ്കിലും ഒരു വാചകം അതിൽ അധികമുണ്ടായിരുന്നു. അവരുടെ തൽബിയ്യത്തിൽ 'ലാ ശരീക ലക' എന്നതിനു ശേഷം 'ഇല്ലാ ശരീകൻ, ഹുവ ലക, തംലികുഹു വമാ മലക' (നിനക്ക് ഒരു പങ്കാളിയുമില്ല, ഒരു പങ്കാളി ഒഴിച്ച്, അവൻ നിനക്കുള്ളതാണ്, നീ ഉടമപ്പെടുത്തുന്നത് തന്നെയാണ് അവനും ഉടമപ്പെടുത്തുന്നത്) എന്നുകൂടി പറയുമായിരുന്നു.

പ്രവാചകൻ(സ്വ) ഈ ശിർക്കിനെ മായ്ച്ചുകളയുകയുണ്ടായി. മുശ്‌രിക്കുകൾ തൽബിയത്ത് ചൊല്ലുന്നവേളയിൽ അവർ കൂട്ടിച്ചേർത്തത് തുടങ്ങുന്നതിന് മുമ്പുതന്നെ നബി(സ്വ) അവരോട് 'അവിടെ മതിയാക്കൂ, അവിടെ മതിയാക്കൂ' (മുസ്‌ലിം) എന്നു പറഞ്ഞ് ശിർക്കിൽനിന്ന് അവരെ തടയുമായിരുന്നു.

**ത്വവാഫ്**

ഹജ്ജിന്റെയും ഉംറയുടെയും പ്രധാനപ്പെട്ട കർമമാണ് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുന്ന ത്വവാഫ്. മലക്കുകളാൽ അസ്തിവാരമിട്ടതിൽനിന്നും ഇബ്‌റാഹീം നബി(അ)യും

> ത്വവാഫിന്റെ ഓരോ ചുറ്റലിലും അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചുകൊണ്ട് അവനോട് മാത്രം പ്രാർഥിക്കാനും അവനിലേക്ക് സങ്കടങ്ങൾ ബോധിപ്പിക്കാനും അവനിൽ അഭയം പ്രാപിക്കാനും പാപമോചനം തേടാനും പ്രവാചകൻ(സ്വ) സ്വഹാബിമാരെ ഉൽബോധിപ്പിക്കുന്നത് നമുക്ക് കാണാനാവും. ത്വവാഫ് എന്ന ആരാധന ഇവിടെ മാത്രമെ പാടുള്ളൂ. മറ്റൊരു സ്ഥലത്തും പാടില്ല. എന്നാൽ സങ്കടകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിലെ ചില സാധാരണക്കാരും അറിവുള്ളവരാണെന്ന് ജനങ്ങൾ തെറ്റിദ്ധരിച്ച ചിലരും പല സ്ഥലങ്ങളിലും ക്വബ്റുകൾക്ക് ചുറ്റും ത്വവാഫ് ചെയ്യുന്നതായി നമുക്ക് കാണാനാവും.

ഇസ്മാഈൽ നബി(അ)യും പടുത്തുയർത്തിയ കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യണമെന്ന കൽപന വിശ്വാസി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഈ രണ്ട് നബിമാരോടും അല്ലാഹു പറയുന്നു: "...ഇബ്‌റാഹീമിന്നും ഇസ്മാഈലിന്നും നാം കൽപനനൽകിയത്, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന(പ്രാർഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കിവെക്കുക എന്നായിരുന്നു" (അൽബക്വറ 125).

"ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തി കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേ



ണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)'' (അൽഹജ്ജ് 26).

കഅ്ബ പടുത്തുയർത്താൻ ആജ്ഞാപിക്കുമ്പോഴും അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കാനും ശിർക്ക് വിപാടനം ചെയ്യാനും പ്രത്യേകം പറയുന്നു. ത്വവാഫിന്റെ ഓരോ ചുറ്റലിലും അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചുകൊണ്ട് അവനോട് മാത്രം പ്രാർഥിക്കാനും അവനിലേക്ക് സങ്കടങ്ങൾ ബോധിപ്പിക്കാനും അവനിൽ അഭയം പ്രാപിക്കാനും പാപമോചനം തേടാനും പ്രവാചകൻ(സ്വ) സ്വഹാബിമാരെ ഉൽബോധിപ്പിക്കുന്നത് നമുക്ക് കാണാനാവും. ത്വവാഫ് എന്ന ആരാധന ഇവിടെ മാത്രമെ പാടുള്ളൂ. മറ്റൊരു സ്ഥലത്തും പാടില്ല. എന്നാൽ സങ്കടകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിലെ ചില സാധാരണക്കാരും അറിവുള്ളവരാണെന്ന് ജനങ്ങൾ തെറ്റിദ്ധരിച്ച ചിലരും പല സ്ഥലങ്ങളിലും ഖബ്‌റുകൾക്ക് ചുറ്റും ത്വവാഫ് ചെയ്യുന്നതായി നമുക്ക് കാണാനാവും. ഇത് ഹജ്ജിലുടനീളം വിളംബരം ചെയ്തുകൊണ്ടിരിക്കുന്ന തൗഹീദിന് വിപരീതമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

കഅ്ബക്ക് ചുറ്റുമുള്ള ത്വവാഫും സ്വഫാമർവക്കിടയിലുള്ള സഅ്‌യും ജംറയിലുള്ള കല്ലേറുമെല്ലാം നിയമമാക്കിയത് അല്ലാഹുവിനെ ഓർക്കാനാണെന്ന പ്രവാചക വചനം പ്രത്യേകം സ്മരണീയമാണ്.

ത്വവാഫിന് ശേഷം മകാമു ഇബ്‌റാഹീമിന് പിന്നിലുള്ള രണ്ടു റക്അത്ത് നമസ്കാരത്തിൽ പാരായണം ചെയ്യാൻ പ്രത്യേകം സുന്നത്താക്കിയ രണ്ട് സൂറത്തുകളും (അൽകാഫിറൂൻ, അൽഇഖ്‌ലാസ്) അല്ലാഹുവിന്റെ ഏകത്വം ഉജ്ജ്വലമായി സ്ഥാപിക്കുന്നവയാണ്.

### സ്വഫാമർവകളിൽ

ഹജ്ജിന്റെയും ഉംറയുടെയും അനിവാര്യഘടകമാണ് സഫാമർവക്കിടയിലുള്ള സഅ്‌യ്. സ്വഫാ മലയിലേക്ക് കയറുമ്പോൾ പാരായണം ചെയ്യാൻ സുന്നത്താക്കിയ ആയത്തും ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ ആദരിക്കാനും ഉയർത്തിപ്പിടിക്കാനും ആഹ്വാനം ചെയ്യുന്നതാണ്. ശേഷം ഖിബ്‌ലക്ക് അഭിമുഖമായി ഓരോ ഹാജിയും നടത്തുന്ന പ്രാർഥന അല്ലാഹുവിന്റെ ഏകത്വവും അവന്റെ ഔന്നിത്യവും മഹത്ത്വവും വ്യക്തമാക്കുന്നതാണ്.

ജാബിർ(റ) നബി(സ്വ)യുടെ ഹജ്ജിനെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുകയുണ്ടായി; നബി(സ) പറഞ്ഞു: 'അല്ലാഹു ആരംഭിച്ചതുകൊണ്ട് ഞാനും ആരംഭിക്കുന്നു.' അങ്ങനെ സ്വഫകൊണ്ട് ആരംഭിച്ച് അതിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ അതിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ഏകനാക്കുകയും ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദ്,

## മക്കയെക്കാൾ പ്രാധാന്യം മദീനക്കോ?

ഏറെ പുണ്യമുള്ള സ്ഥലമാണ് മദീനതുന്നബവി. പുണ്യവും അനുഗ്രഹവും ആഗ്രഹിച്ചുകൊണ്ട് തീർഥയാത്ര ചെയ്യാനായി അനുവാദമുള്ള, പ്രവാചക കരങ്ങളാൽ പടുത്തുയർത്തപ്പെട്ട മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്ന, 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പാണ്' എന്ന് നബി(സ്വ) പറഞ്ഞ 'റൗദാ ശരീഫ്' ഉള്ള, യസ്‌രിബെന്ന പൗരാണിക പേരുള്ള, അൽമദീന, ദാറുൽഹിജ്റ, ത്വാബ, ത്വൈബ എന്നീ പേരുകളിലറിയപ്പെടുന്ന, അന്ത്യപ്രവാചകൻ മറമാടപ്പെട്ട സ്ഥലമായ മദീന സന്ദർശിക്കൽ ഹജ്ജിന്റെ ഭാഗമല്ലായെന്ന സത്യം എത്രയാളുകൾക്കറിയാം? ഹജ്ജിന്റെ കർമങ്ങളെല്ലാം നടക്കുന്നത് മക്ക, മിന, അറഫ, മുസ്ദലിഫ എന്നീ മശാഇറുകളിലാണ്. മദീനയിൽ ഹജ്ജിന്റെയോ ഉംറയുടെയോ ഒരു കർമവുമില്ല. എന്നാലും മക്കയെക്കാൾ മദീനക്ക് പ്രാധാന്യം കൽപിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാനാവും.

പ്രമാണങ്ങളിലുള്ളത് പഠിച്ചറിഞ്ഞ് അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് വേണ്ടത്. തൗഹീദിന്റെ വിളംബരം പ്രഖ്യാപിച്ചുകൊണ്ട് മബ്‌റൂറായ ഹജ്ജ് ചെയ്യാൻ പരിശ്രമിക്കുക, ആ അവസരത്തിനായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു.'

"അല്ലാഹുവല്ലാതെ ആരാധന ക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവനൊരു പങ്കാളി യുമില്ല, അവനാണ് ആധിപത്യം മുഴുവനും, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവ ല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവന്റെ കരാർ അവൻ നിറവേറ്റി, അവൻ അവന്റെ അടിമയെ സഹാ യിച്ചു, അവൻ ഒറ്റക്ക് കക്ഷികളെ പരാജയപ്പെടുത്തുകയും ചെയ്തു" (മുസ്ലിം). ഇത് സ്വഫയിൽവെച്ച് പ്രാർഥിക്കുന്നത് പോലെ മർവയി ലും പ്രാർഥിക്കണം.

**അറഫയിൽ**

ഹജ്ജിന്റെ മശാഇറുകളായ മിനാ, അറഫ, മുസ്ദലിഫ പോലെ യുള്ള സ്ഥലങ്ങളിലും അല്ലാഹു വിന്റെ ഏകത്വം അംഗീകരിക്കു കയും പ്രഖ്യാപിക്കുകയും ഉന്ന തമാക്കുകയും ചെയ്യുന്ന കാര്യ ങ്ങൾതന്നെയാണ് ചെയ്യാനുള്ളത്. ദുൽഹിജ്ജ 9ന് ഉച്ചയോടെയാ ണ് അറഫയിലേക്ക് ഹാജിമാർ പ്രവേശിക്കേണ്ടത്. അറഫയിലും അറഫക്ക് പുറത്തുമായി സ്ഥി തിചെയ്യുന്ന വിശാലമായ നമിറ പള്ളിയിൽവെച്ച് ഇമാം (ഇന്ന് സൗദി അറേബ്യയുടെ ഭരണാധി കാരി നിശ്ചയിക്കുന്ന ഹജ്ജിന്റെ ഇമാം) ഖുത്വുബ നടത്തും. ഈ ഖുത്വുബ അല്ലാഹുവിന്റെ ഏക ത്വവും തൗഹീദും ഔന്നിത്യവും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ആരംഭിക്കുക. ശേഷം ഇസ്ലാമി ന്റെ ശരീഅത്തും അതിന്റെ പ്രാ ധാന്യവും വ്യക്തമാക്കിക്കൊണ്ട് കടന്നുപോകുന്ന ഖുത്വുബ ആനു കാലിക വിഷയങ്ങളെ പരാമർശി ച്ച് അതിൽ ഒരു മുസ്ലിമിന്റെ നിലപാടെന്തെന്നും വ്യ ക്തമാക്കുന്നു. ശേഷം സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോട് പ്രാർഥിച്ചാണ് ഇത് അവസാനിക്കുക.

ശേഷം ദുഹ്റും അസ്വ്റും ജംഉം ക്വസ്റുമായി നമ സ്കരിക്കുന്നു. തുടർന്ന് സൂര്യാസ്തമയംവരെ അല്ലാഹു വിനോട് പ്രാർഥിക്കലാണ് ഹാജിമാർക്ക് അറഫയിൽ ചെയ്യാനുള്ള ആരാധന. അറഫയിലെ ഏറ്റവും ശ്രേഷ്ഠ മായ പ്രാർഥനയായി റസൂലുല്ലാഹി(സ്വ) പഠിപ്പിച്ചുത ന്നത് 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ' എന്നാണ്. തൗഹീദിന്റെ മഹ ത്ത്വം പ്രഖ്യാപിക്കുന്ന പ്രാർഥനയാണിതെന്ന് ഏതൊരു

## ഇവരുടെ ഹജ്ജിന്റെ അവസ്ഥയെന്ത്?

ഖേദകരമെന്നു പറയട്ടെ; ചിലരെങ്കിലും അല്ലാഹുവിനെയും അവന്റെ ഏകത്വത്തെയും ഹജ്ജിന്റെ കർമങ്ങളെയും ഇസ്ലാമിക ശരീഅത്തിനെയും മനസ്സിലാക്കേണ്ട രൂപത്തിൽ മനസ്സിലാക്കാതെ ഹജ്ജ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ് ചെയ്യാ റുള്ളത്. മബ്റൂറായ ഹജ്ജ് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമി ക്കാതെയാണവർ ഹജ്ജിന് പുറപ്പെടുന്നത്. അതുപോലെ ഹജ്ജി ലുടനീളം പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും ചെയ്യേണ്ട തൗഹീദിന് കടകവിരുദ്ധമായ ശിർക്ക് ചെയ്തുകൊണ്ടാണവർ യാ ത്രയാരംഭിക്കുന്നത്! വ്യക്തമാക്കിപ്പറഞ്ഞാൽ, ആരാധിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മക്ബറകളും ജാറങ്ങളും സന്ദർശിച്ച്, അവിടങ്ങ ളിൽ മറമാടപ്പെട്ടിട്ടുള്ളവരോട് സങ്കടങ്ങൾ ബോധിപ്പിച്ച്, അവരോട് പ്രാർഥിച്ചുകൊണ്ട്! ഹജ്ജ് കഴിഞ്ഞ് മടങ്ങിയെത്തിയാലും ജാറങ്ങ ളിൽ പോയി നന്ദി അറിയിക്കുന്ന വിരോധാഭാസവും നമ്മുടെ നാ ട്ടിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് അല്ലാഹു വിരോധിച്ചതും, നരകം ഉറപ്പാക്കുന്നതും, സ്വർഗം നിഷിദ്ധമാക്കുന്നതും, കർമങ്ങ ളെയെല്ലാം പൊളിച്ചുകളയുന്നതുമാണെന്ന് അവർ മനസ്സിലാക്കി യിരുന്നെങ്കിൽ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുപോവുകയാണ്.

ത്വവാഫിനും സഅ്യിനുമിടയിലും, മിനയിലും അറഫയിലും മു സ്ദലിഫയിലുമെല്ലാം പലവിധത്തിലുള്ള, പല പേരിലുമുള്ള മാല കളും മൗലിദുകളുമാണ് ചിലർ ഉരുവിടാറുള്ളത്. തൗഹീദിനുവേ ണ്ടി പലായനം ചെയ്ത നബി(സ്വ) ജനിക്കുകയും ജീവിക്കുകയും ദൗത്യം നിർവഹിക്കുകയും ചെയ്ത നാട്ടിൽ, ശുദ്ധമായ തൗഹീദി ന്റെ മണ്ണിൽ, തൗഹീദിന്റെ മാർഗത്തിൽ ജീവത്യാഗം ചെയ്ത പണ്ഡി തരുള്ള നാട്ടിൽ, തൗഹീദ് മാത്രം പ്രഖ്യാപിക്കാനായി ലോകത്താ ദ്യമായി പടുത്തുയർത്തപ്പെട്ട കഅ്ബ സ്ഥിതിചെയ്യുന്ന സ്ഥലത്ത്, തൗഹീദിന്റെ വിളംബരം മാത്രം ലക്ഷക്കണക്കിന് ഹാജിമാരുടെ നാ വിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന മശാഇറുകളിൽ, സൃഷ്ടികളോട് തേടിക്കൊണ്ടിരിക്കുന്നവരേ...! ശ്വാസം നിലച്ചത് മുതൽ ആരംഭി ക്കുന്ന പാരത്രിക ജീവിതം എല്ലാവർക്കുമുള്ളതാണെന്ന ബോധ മില്ലേ നിങ്ങൾക്ക്? മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്ക പ്പെടുന്ന നരകത്തെ നിങ്ങൾ ഭയക്കുന്നില്ലേ?



മുസ്‌ലിമിനും അറിയാവുന്നതാണ്.

നബി(സ) പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായത് (ഇതാണ്:) 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് അധികാരം, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്" (തിർമിദി).

സൂര്യാസ്തമയത്തോടെ അറഫയിലെ നിറുത്തം കഴിഞ്ഞ് ഹാജിമാർ മുസ്ദലിഫയിലേക്ക് ഒഴുകുന്നു. അപ്പോഴും തൗഹീദിന്റെ മന്ത്രമായ തൽബിയ്യത്താണ് അവരുടെ ചുണ്ടുകളിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്. മുസ്ദലിഫയിലെ വിശാലമായ മൈതാനിയിൽ എത്തി മഗ്‌രിബും ഇശാഉം ജംഉം ഖസ്റുമായി നമസ്കരിച്ച് ആകാശമെന്ന അനന്തവിശാല മേൽക്കൂരക്ക് കീഴിൽ വിശാലമായ ഭൂമിയെന്ന മെത്തയിൽ ഉറങ്ങുകയെന്ന ആരാധനയിലേക്ക് ഹാജിമാർ പ്രവേശിക്കുന്നു. ശേഷം ദുൽഹിജ്ജ പത്തിന്റെ സുബ്ഹി അവിടെവെച്ച് നിർവഹിച്ച് മശ്ഹരിൽ ഹറാം എന്ന മസ്ജിദിനും ഖിബ്‌ലക്കുമഭിമുഖമായി നിന്ന് കൈകളുയർത്തി സൂര്യോദയംവരെ അല്ലാഹുവിനോട് പ്രാർഥിക്കൽ ഏറെ പുണ്യകരമാണ്. ഈ സമയത്ത് അല്ലാഹുവിന്റെ ഏകത്വവും മഹത്ത്വവും ഔന്നിത്യവും വിളിച്ചോതുന്ന തഹ്‌ലീലും തക്ബീറും തഹ്മീദും ഹാജിമാരുടെ നാവിലൂടെ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കും.

**മിനായിൽ**

ഹജ്ജുൽ അക്ബർ; യൗമുന്നഹ്ർ എന്നീ പേരിലെല്ലാം അറിയപ്പെടുന്ന ദുൽഹിജ്ജ പത്തിന് രാവിലെ മിനായിലെത്തി, മക്കയോട് അടുത്ത് നിൽക്കുന്ന ജംറതുൽ അഖബ, ജംറതുൽ കുബ്റാ എന്നീ പേരിലറിയപ്പെടുന്ന ജംറകളിൽ തക്ബീർ ചൊല്ലി ഒന്നിനുപുറകെ ഒന്നായി ഏഴ് കല്ലുകൾ എറിയുന്നു. എന്റെ റബ്ബ് എന്നോട് എന്ത് പറഞ്ഞാലും ഞാനത് അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെയാണ് വിശ്വാസി ഹജ്ജിന്റെ ഈ കർമവും ചെയ്യുന്നത്. ശേഷം ബലിയും നിർവഹിക്കുന്നു. സ്രഷ്ടാവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ചും അവന്റെ ഔന്നിത്യം അംഗീകരിച്ചുകൊണ്ടുമാണ് ഓരോ ഹാജിയും ബലിയറുക്കേണ്ടത്. അല്ലാഹു പറഞ്ഞു:

"ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (അൽകൗസർ 2).

"പറയുക; തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (അൽഅൻആം 162).

ശേഷം മുടി കളയുന്നതും അല്ലാഹുവിന്റെ നിയമത്തിനും പ്രവാചകചര്യക്കും ഞാനിതാ കീഴൊതുങ്ങുന്നുവെന്ന് പ്രഖ്യാപിച്ചാണ്. പിന്നീടു ചെയ്യേണ്ട ത്വവാഫുൽ ഇഫാദ, സഅ്‌യ് എന്നിവയിലും തുടക്കത്തിൽ വ്യക്തമാക്കിയപോലെ അല്ലാഹുവിന്റെ ഏകത്വവും തൗഹീദും മഹത്ത്വവും ഔന്നിത്യവുമെല്ലാം പ്രഖ്യാപിക്കുന്നു. ഇങ്ങനെ ഹജ്ജിന്റെ ഓരോ കർമത്തിലും പ്രാർഥനകളിലുമെല്ലാം തൗഹീദിന്റെ വിളംബരമാണ് ഓരോ ഹാജിയും നടത്തുന്നത്. അതെ, ഹജ്ജ് തൗഹീദിന്റെ അണമുറിയാത്ത വിളംബരം തന്നെ!

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 11

# ഐക്യസംഘത്തിന്റെ മൂന്നാം വാർഷിക സമ്മേളനം

**ഐക്യസംഘത്തിൽ അംഗങ്ങളെ ചേർക്കുമ്പോൾ അവരെക്കൊണ്ട് സംഘത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊള്ളാമെന്നു സത്യം ചെയ്യിക്കുന്ന സമ്പ്രദായം അതിന്റെ ആരംഭകാലത്തുണ്ടായിരുന്നു. സംഘത്തിന്റെ എതിരാളികൾ അതിൽ കണ്ടമാനം കടന്നുകൂടി മൃഗീയഭൂരിപക്ഷം നേടി, കുഴപ്പവും അട്ടിമറിയും ഉണ്ടാക്കിയേക്കുമോ എന്ന് ഭയന്നിട്ടായിരുന്നു അന്ന് അങ്ങനെ ചെയ്തിരുന്നത്. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതു വേണ്ടെന്നു വെക്കുകയും പ്രതിജ്ഞ മാത്രം മതിയെന്നു തീരുമാനിക്കുകയും ചെയ്തു. മതനിഷിദ്ധമാണെന്നു സുസമ്മതമായ ഏതെങ്കിലും പ്രവൃത്തി സംഘാംഗങ്ങൾ ചെയ്താൽ മാലികി മദ്ഹബിലെ വിധിയനുസരിച്ചു പിഴ വിധിക്കുന്ന വ്യവസ്ഥയും സംഘത്തിന്നുണ്ടായിരുന്നു**

ഏറെ സംഘർഷഭരിതമായ അന്തരീക്ഷത്തിലാണ് ഐക്യസംഘത്തിന്റെ മൂന്നാം വാർഷിക സമ്മേളനം 1925ൽ കോഴിക്കോട്ട് ഹിമായത്തുൽ ഇസ്‌ലാം സംഘത്തിൽ വെച്ചു നടത്താൻ തീരുമാനിച്ചത്. സമ്മേളന വിജയത്തിനായി ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ തങ്ങൾ പ്രസിഡന്റായി വിപുലമായ സ്വാഗതസംഘം രൂപീകരിക്കുകയുണ്ടായി. ഇതോടെ വിരോധികൾക്ക് ഹാലിളകി. ഈ സമ്മേളനം കലക്കുവാൻ മാത്രമല്ല ഐക്യസംഘത്തെത്തന്നെ വേരോടെ പിഴുതെറിയാൻ പറ്റിയ അവസരമായിക്കണ്ട് യാഥാസ്ഥിതികർ രംഗത്തിറങ്ങി. ഐക്യസംഘം സ്വീകരിച്ചുവന്നിരുന്ന ചില സംഘടനാരീതികൾ ഇസ്‌ലാമിനെതിരാണെന്നു കാണിച്ചാണ് യാഥാസ്ഥിതികർ ഐക്യസംഘത്തെ ഒറ്റപ്പെടുത്താൻ ശ്രമിച്ചത്.

ഐക്യസംഘത്തിൽ അംഗങ്ങളെ ചേർക്കുമ്പോൾ അവരെക്കൊണ്ട് സംഘത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊള്ളാമെന്നു സത്യം ചെയ്യിക്കുന്ന സമ്പ്രദായം അതിന്റെ ആരംഭകാലത്തുണ്ടായി

രുന്നു. സംഘത്തിന്റെ എതിരാളികൾ അതിൽ കണ്ടമാനം കടന്നുകൂടി മൃഗീയഭൂരിപക്ഷം നേടി, കുഴപ്പവും അട്ടിമറിയും ഉണ്ടാക്കിയേക്കുമോ എന്ന് ഭയന്നിട്ടായിരുന്നു അന്ന് അങ്ങനെ ചെയ്തിരുന്നത്. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതു വേണ്ടെന്നു വെക്കുകയും പ്രതിജ്ഞ മാത്രം മതിയെന്നു തീരുമാനിക്കുകയും ചെയ്തു. മതനിഷിദ്ധമാണെന്നു സുസമ്മതമായ ഏതെങ്കിലും പ്രവൃത്തി സംഘാംഗങ്ങൾ ചെയ്താൽ മാലികി മദ്ഹബിലെ വിധിയനുസരിച്ചു പിഴ വിധിക്കുന്ന വ്യവസ്ഥയും സംഘത്തിന്നുണ്ടായിരുന്നു. ഈ രണ്ടു കാര്യങ്ങളും എടുത്തുപറഞ്ഞ് ഐക്യസംഘത്തെ വിമർശിക്കാനുള്ള പദ്ധതി യാഥാസ്ഥിതികർ ആസൂത്രണം ചെയ്തു. സത്യം ചെയ്തു പിഴച്ചാൽ അതിനുള്ള കഫ്ഫാറത്ത് (പ്രായച്ഛിത്തം) ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അത് പിഴയടക്കലല്ല. അപ്പോൾ ഐക്യസംഘക്കാർ ഖുർആനിന്റെ വിധി മാറ്റി തൽസ്ഥാനത്ത് മറ്റൊരു വിധി ഉണ്ടാക്കിയിരിക്കുകയാണെന്നും അതിനാൽ അവർ കാഫിറുകളും മുർതദ്ദുകളുമാണെന്നും ഫത്‌വ ഇറക്കാമെന്നുമായിരുന്നു അവരുടെ കണക്കുകൂട്ടൽ. അവർ ഫത്‌വ എഴുതി കീശയിൽ വെക്കുകയും ചെയ്തിരുന്നു.

സത്യം ചെയ്യിച്ചിരുന്നത് സംഘത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊള്ളാം എന്നതിനാണെന്നും, പിഴ വസൂലാക്കിയത് സത്യം ലംഘിച്ചതിനല്ല വേറെ കുറ്റത്തിനാണെന്നുമുള്ള യാഥാർഥ്യം പാവം യാഥാസ്ഥിതിക പണ്ഡിതനേതാക്കൾ മനസ്സിലാക്കിയിരുന്നില്ല. ഐക്യസംഘം വാർഷിക സമ്മേളനം കോഴിക്കോട്ട് ചേരുന്നതിനു മുമ്പ് ഈ വിഷയവുമായി ബന്ധപ്പെട്ട ഏതാനും സംഭവവികാസങ്ങളുണ്ടായി. ഈ സംഭവങ്ങളും സമ്മേളനത്തെക്കുറിച്ചുള്ള വിവരണവും 'അൽഇത്തിഹാദ്' പത്രത്തിൽ ഖാദിമുൽ ഇസ്‌ലാം എന്ന തൂലികാനാമത്തിൽ ഇ.കെ.മൗലവി എഴുതിയത് ചുവടെ കൊടുക്കുന്നു:

"ഈ അവസരത്തിലാണ് ഐക്യസംഘത്തിന്റെ മൂന്നാം വാർഷികയോഗം കോഴിക്കോട്ട് കൂടാൻ തീരുമാനിച്ചത്.



അതിനായി ഒരു സ്വീകരണസംഘം രൂപീകരിച്ചു. സ്വീകരണസംഘം പ്രസിഡന്റ് ഖാൻബഹാദൂർ പി.എം.ആറ്റക്കോയ തങ്ങളായിരുന്നു. ആരംഭത്തിൽ വലിയ ഒച്ചപ്പാടൊന്നുമുണ്ടായില്ല. വാർഷികയോഗം അടുത്തതോടെ ദീനിനെ കൈകാര്യം ചെയ്തു ജീവിതം നയിക്കുന്ന ചിലർ യോഗം തടയാനുള്ള പരിശ്രമവും തുടങ്ങി. ഐക്യസംഘക്കാർ പിഴച്ചവരാണെന്നും അവരുടെ യോഗം കോഴിക്കോട്ടു നടത്താൻ അനുവദിക്കരുതെന്നുമുള്ള ഒരു ഹരജി ഹിമായത്തുൽ ഇസ്‌ലാം സംഘത്തിന്ന് ലഭിച്ചു. ഐക്യക്കാർ പിഴച്ചവരാണെന്ന് തെളിയിക്കാൻ ഹരജിക്കാർ ഒരുക്കമാണെന്നും ഹരജിയിൽ കാണിച്ചിരുന്നു.

അങ്ങനെ ഹിമായത്തുൽ ഇസ്‌ലാം ഹാളിൽ രണ്ടുകൂട്ടരെയും വരുത്തി ഒരു വാദപ്രതിവാദം നടത്താൻ തീരുമാനിച്ചു. ഒരു വ്യാഴാഴ്ച നാലുമണിക്ക് വാദപ്രതിവാദം നടത്താനാണ് തീരുമാനിച്ചത്. എന്നാൽ അന്ന് 2 മണിക്കുതന്നെ ഹാളും പരിസരവും ജനങ്ങളെക്കൊണ്ട് നിറഞ്ഞു. ഈ സ്ഥിതിക്ക് അവിടെ വെച്ച് ഒരു വാദപ്രതിവാദം ആശാസ്യമല്ലെന്ന് ഇരുകൂട്ടരും മനസ്സിലാക്കി. അങ്ങനെ ഇന്ന് വാദപ്രതിവാദം ഇവിടെ നടക്കില്ലെന്നു രണ്ടുകൂട്ടരും ഒരു നോട്ടീസ് പ്രസിദ്ധം ചെയ്തതിന്റെ ഫലമായി ജനക്കൂട്ടം പിരിഞ്ഞുപോയി. എന്നാൽ രഹസ്യമായി രണ്ടു കക്ഷികളിലെയും പ്രധാനികൾ വരക്കലുള്ള ഒരു കെട്ടിടത്തിൽ ഒരുമിച്ചുകൂടി. ഐക്യസംഘക്കാർ പിഴച്ചവരാണെന്നു തെളിയിക്കാൻ ഹാജരായിരുന്നത് ചാലിയത്ത് ശിഹാബുദ്ദീൻ അഹ്മദ് കോയ മുസ്‌ല്യാരായിരുന്നു. അവിടെവെച്ച് നടന്ന ചോദ്യോത്തരത്തിന്റെ രത്നച്ചുരുക്കം ഇതായിരുന്നു:

അഹ്മദ് കോയ മുസ്‌ല്യാർ: 'ഐക്യസംഘത്തിൽ അംഗങ്ങളെ ചേർക്കുമ്പോൾ സത്യം ചെയ്യിക്കാറില്ലേ?'

മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി: 'ആരംഭത്തിൽ അതുണ്ടായിരുന്നു. പിന്നീടത് വേണ്ടെന്നുവെച്ചു.'

മുസ്‌ല്യാർ: 'അങ്ങനെ സത്യം ചെയ്തു ചേർന്ന ഒരു മെമ്പർ തെറ്റുചെയ്താൽ നിങ്ങൾ പിഴ കല്പിക്കാറില്ലേ?'

ഹാജി: 'സംഘത്തിൽ ഒരംഗം മതവിരുദ്ധമായി വല്ല തെറ്റും ചെയ്താൽ മാലികി മദ്ഹബിലെ വിധിയനുസരിച്ചു പിഴ കൽപിക്കാറുണ്ട്.'

ഇവിടെ എനിക്കൊരു വിശദീകരണം നൽകേണ്ടതായുണ്ട്. ഈ രണ്ടു ചോദ്യങ്ങൾ ഇങ്ങനെ കൊണ്ടുവന്നിട്ടുള്ളത് ദുരുദ്ദേശ്യത്തോടുകൂടിയാണെന്ന് ഞാൻ കരുതുന്നു. സത്യം ചെയ്തുകൊണ്ട് സംഘത്തിൽ ചേർന്നവർ അതിന്നെതിരിൽ തെറ്റുചെയ്താൽ പിഴ കൽപിക്കാറുണ്ടെന്നു ഞങ്ങൾ സമ്മതിച്ചുകഴിഞ്ഞാൽ, സത്യത്തിൽ പിഴച്ചതിനുള്ള പ്രായച്ഛിത്തം ഇന്നതാണെന്നു ഖുർആനിൽ പറഞ്ഞിരിക്കെ ഞങ്ങൾ പിഴ കൽപിക്കുക എന്നൊരു മതവിധി നിർമിച്ചുണ്ടാക്കിയെന്നൊരു കുറ്റം ചുമത്തി ഞങ്ങളുടെ മേൽ ഒരു കുഫ്റ് ഫത്‌വ തന്നെ പുറപ്പെടുവിക്കാം. ഒരുപക്ഷേ, ഇങ്ങനെ ഒരു ഫത്‌വ എഴുതി കയ്യിൽ വെച്ചിട്ടുണ്ടോ എന്നുകൂടി ഞാൻ സംശയിക്കുന്നു. എന്നാൽ ഞങ്ങൾ സത്യത്തിൽ പിഴച്ചതിനുള്ള കഫ്ഫാറത്തായി പിഴ കൽപിക്കാറില്ല.

> കേരള മുസ്‌ലിം ഐക്യസംഘം വക പ്രസിദ്ധീകരണങ്ങൾ പരിശോധിച്ച് അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിനെതിരായി അവയിൽ വല്ലതുമുണ്ടെങ്കിൽ നിങ്ങൾ തെളിയിച്ചുതന്നാൽ ഞങ്ങൾ അതിൽനിന്നു മടങ്ങാൻ തയ്യാറാണെന്ന് സംഘം ഭാരവാഹികൾ മൗലവിമാരെ ഉണർത്തിച്ചു. അടുത്തദിവസം ചേർന്ന കോൺഫറൻസിൽ വെച്ച് സംശയങ്ങൾക്കിടയാക്കിയ ഏതാനും ലഘുഗ്രന്ഥങ്ങളെയും 'അൽഇർശാദ്' മാസികയിലെ ചില ലേഖനങ്ങളും യോഗം മുമ്പാകെ ഇ.കെ മൗലവി സാഹിബ് വായിച്ചു. പരേതനായ മുഹമ്മദ് ശെറൂൽ സാഹിബ് പല സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. അതിനെല്ലാം തൃപ്തികരമായ മറുപടിയും കൊടുത്തു. അങ്ങനെ ആ മഹാന്മാരായ ഉലമാക്കൾക്ക് തൃപ്തിവരുകയും ചെയ്തു.

ഇത്രയുമായപ്പോൾ ആ സദസ്സിൽ ഒരമ്പരപ്പാണുണ്ടായത്. കാരണം, മേൽപറഞ്ഞ പ്രകാരം ഒരു ഫത്‌വ എഴുതിവെച്ച വിവരം എന്റെ കക്ഷിയിൽ പലർക്കും അറിയാമായിരുന്നു. പിന്നീട് ചോദ്യമൊന്നും ഉന്നയിക്കപ്പെട്ടില്ല. ഇനി ചോദ്യങ്ങളൊന്നുമില്ലേയെന്ന് സദസ്സിൽനിന്നുണ്ടായ ഒരു ചോദ്യത്തിന് 'സംഘത്തിന്റെ ആദർശങ്ങളും ഉദ്ദേശ്യങ്ങളും വിവരിച്ചുകേൾക്കണ'മെന്ന് ആവശ്യപ്പെടുകയാണുണ്ടായത്. കെ.എം സീതി സാഹിബ് സംഘത്തിന്റെ ഉദ്ദേശ്യങ്ങളും ആദർശങ്ങളും പ്രതിപാദിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അതോടെ ഒരു നിശ്ശബ്ദതയാണ് അവിടെ കണ്ടത്. അനന്തരം അഹ്മദ് കോയ മുസ്‌ല്യാർ അവരകളോട് ഇത്രയും കേട്ടതിൽ നിന്ന് ഐക്യസംഘത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണെന്ന് പലരും ചോദിച്ചു. മറുപടി പറഞ്ഞില്ല. പിന്നെയും നിർബന്ധിച്ചപ്പോൾ ഞാൻ വല്ലതും പറഞ്ഞാൽ അതു മതവിധിയായിപ്പോകും. അതുകൊണ്ട് ഞാനൊന്നും പറയില്ലെന്നാണ് അദ്ദേഹത്തിൽനിന്ന് കിട്ടിയ ഉത്തരം. അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്ന അച്ചിപ്ര കുഞ്ഞഹമ്മദ് മുസ്‌ല്യാരോട് ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ഏത് കാര്യത്തിലും ചീത്ത വിചാരം പാടില്ല. നല്ല വിചാരമാണ് വേണ്ടത്.'

ഇത്രയും സംഭവങ്ങൾ കഴിഞ്ഞ ശേഷം സദസ്സിൽനിന്ന് ഇങ്ങനെ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു: 'നാം ഇവിടെ കൂടിയിട്ടുള്ളത് ഐക്യസംഘത്തിന്റെ വാർഷികയോഗം കോഴിക്കോട്ട് നടത്തിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനാണ്. അതുകൊണ്ട് ഇക്കാര്യത്തിലാണ് ഒരു തീരുമാനം വേണ്ടത്.' ഇതിനാരും ഉത്തരം പറഞ്ഞില്ല. വീണ്ടും വീണ്ടും അതേ ചോദ്യംതന്നെ ആവർത്തിക്കപ്പെട്ടു. ആരുമാരും ഉത്തരം പറയുന്നില്ല. അവസാനം ആറ്റക്കോയ തങ്ങൾ എഴുന്നേറ്റ് ഇങ്ങനെ പറയുകയുണ്ടായി: 'നിങ്ങൾ എല്ലാവരും ഇതേവരെ നടന്നതൊക്കെ കാണുകയും കേൾക്കുകയും ചെയ്തില്ലേ? ഇനിയും വല്ല സംശയവും ബാക്കിയുണ്ടോ? അതുകൊണ്ട് നാം ഇനിയും സമയം കളയരുത്. വേഗം സ്വീകരണസംഘം ഓഫീസിലേക്ക് പോയി പ്രവർത്തനം ആരംഭിക്കാം.' അതോടെ എല്ലാവരും പിരിഞ്ഞുപോയി. അഹ്മദ്കോയ മുസ്‌ല്യാർ അപ്പോൾ തന്നെ തെക്കോട്ടുണ്ടായിരുന്ന വണ്ടിക്ക് ചാലിയത്തേക്കും പോയി.

കോഴിക്കോട്ട് കൂടിയ കേരള

മുസ്‌ലിം ഐക്യസംഘത്തിന്റെ മൂന്നാം വാർഷികയോഗ വേളയിൽ ഐക്യസംഘക്കാരും അതിന്റെ വിരോധികളും തമ്മിൽ നടന്ന വാദപ്രതിവാദത്തിന്റെ പര്യവസാനം എന്തായിരുന്നുവെന്ന് മുമ്പു വിവരിച്ചല്ലോ. എന്നാൽ വാർഷിക യോഗത്തിന്റെ തലേദിവസം തന്നെ സംഘം ഭാരവാഹികൾ പാങ്ങിൽ അഹമ്മദ് കുട്ടി മൗലവി, പള്ളിപ്പുറം അബ്ദുൽ ഖാദർ മൗലവി, കരിമ്പനക്കൽ അഹമ്മദ് മൗലവി മുതലായ പല പ്രമുഖ മൗലവിമാരെയും ആളെ അയച്ചുവരുത്തിയിരുന്നു. കേരള മുസ്‌ലിം ഐക്യസംഘം വക പ്രസിദ്ധീകരണങ്ങൾ പരിശോധിച്ച് അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിനെതിരായി അവയിൽ വല്ലതുമുണ്ടെങ്കിൽ നിങ്ങൾ തെളിയിച്ചുതന്നാൽ ഞങ്ങൾ അതിൽ നിന്നു മടങ്ങാൻ തയ്യാറാണെന്ന് സംഘം ഭാരവാഹികൾ മൗലവിമാരെ ഉണർത്തിച്ചു. അടുത്തദിവസം ചേർന്ന കോൺഫറൻസിൽ വെച്ച് സംശയങ്ങൾക്കിടയാക്കിയ ഏതാനും ലഘുഗ്രന്ഥങ്ങളെയും 'അൽഇർശാദ്' മാസികയിലെ ചില ലേഖനങ്ങളും യോഗം മുമ്പാകെ ഇ.കെ മൗലവി സാഹിബ് വായിച്ചു. പരേതനായ മുഹമ്മദ് ശെറൂൽ സാഹിബ് പല സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. അതിനെല്ലാം തൃപ്തികരമായ മറുപടിയും കൊടുത്തു. അങ്ങനെ ആ മഹാന്മാരായ ഉലമാക്കൾക്ക് തൃപ്തിവരുകയും ചെയ്തു. അനന്തരം ചുവടെ കൊടുക്കുന്ന അർഥത്തിലുള്ള ഒരു പ്രമേയം പി എൻ മുഹമ്മദ് മൗലവി സാഹിബ് അവതരിപ്പിച്ചു: 'ഐക്യസംഘം വക പ്രസിദ്ധീകരണങ്ങൾ വായിച്ചുകേട്ടതിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിനെതിരായിയാതൊന്നും ഉള്ളതായി കണ്ടില്ലെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.' ഈ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചത് പാങ്ങിൽ



അഹമ്മദ് കുട്ടി മർഹൂം അവർകളായിരുന്നു: 'അല്ലാഹു തആല ഈ മഹത്തായ സ്ഥാപനത്തെ ഖിയാമത്ത് നാൾ വരെ നിലനിർത്തട്ടെ' എന്ന് പ്രാർഥിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

ഇങ്ങനെ സന്തോഷത്തോടുകൂടി പിരിഞ്ഞുപോയെങ്കിലും ആ സൗഹാർദനില അധികം നീണ്ടുപോയില്ല. ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞതോടെ പാങ്ങും പാർട്ടിയും ഐക്യസംഘത്തിനെതിരായ പ്രചാരവേല ആരംഭിച്ചു. അതിനു കാരണവും ഇല്ലാതില്ല. ജാറം പണിയിക്കൽ, അവിടെ വഴിപാടുകൾ നടത്തൽ, വിളക്കുകത്തിക്കൽ, ജാറം മൂടൽ, ചന്ദനക്കുടം, കൊടികുത്ത് മുതലായവ കൊണ്ടാടൽ ആദിയായവയെ എതിർത്തുകൊണ്ട് 'അൽഹിദായ' എന്ന പേരിൽ ഐക്യസംഘം വകയായി ഒരു ചെറുഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതും കോൺഫറൻസിൽ വായിക്കുകയുണ്ടായി. അതിനെ ഈ ഉലമാക്കളാരും എതിർത്തതുമില്ല. കാരണം, അതിൽ കാണിച്ചിട്ടുള്ള തെളിവുകൾ അധികവും ഇബനു ഹജറുൽ ഹൈതമി (റ)യുടെ 'സവാജിർ,' 'കഫ്ഫുർരിയാഅ്' മുതലായ കിതാബുകളിൽനിന്നും മറ്റും ഉദ്ധരിച്ചതായിരുന്നു. അവയെ പരസ്യമായി എതിർക്കാൻ മേപ്പടി മുസ്‌ല്യാക്കൾക്ക് ധൈര്യമുണ്ടായില്ല. പക്ഷേ, ജാറം കൊണ്ടു കഴിഞ്ഞുകൂടുന്ന ഒരുകൂട്ടർ അവരെ സമീപിക്കുകയും പണ്ടേക്കുപണ്ടേ നടന്നുവരുന്നതും ഇന്നിന്ന ഓറൻമാർ പങ്കെടുത്തതുമായ ആചാരങ്ങളൊക്കെ തെറ്റാണെന്നും നിങ്ങൾ കോഴിക്കോട്ടുവെച്ച് തീരുമാനിച്ചത്ശരിയാണോ എന്നു ചോദിച്ചുതുടങ്ങി. അപ്പോഴാണ് അവർക്ക് തോന്നിയത് 'ഇനി ഐക്യക്കാരുടെ കൂടെ കൂടിയാൽ പറ്റില്ലെ'ന്ന്"(30)

വരക്കൽവെച്ച് നടന്ന ചർച്ചയിൽ മറ്റു ചില വിമർശനങ്ങളും യാഥാസ്ഥിതിക വിഭാഗത്തിൽനിന്നും ഉണ്ടായിരുന്നു. അൽ ഇത്തിഹാദിൽ ലേഖനമെഴുതിയപ്പോൾ ഇ.കെ.മൗലവി ആ സംഭവങ്ങൾ ഉദ്ധരിച്ചതായി കാണുന്നില്ല. ലേഖനങ്ങളെഴുതുമ്പോൾ താനുമായി ബന്ധപ്പെട്ട പല സംഭവങ്ങളും ഇ.കെ.മൗലവി ഒഴിവാ

ക്കുക പതിവായിരുന്നു. അതിന്റെ ഭാഗമായിരിക്കാം ചില സംഭവങ്ങൾ ഇവിടെയും ഉദ്ധരിക്കാതെ പോയത്. വരക്കൽ നടന്ന ചർച്ചയിൽ ഇനി ചോദ്യങ്ങളൊന്നുമില്ലേയെന്ന ചോദ്യം സദസ്സിൽ നിന്നും ഉയർന്നതിനു ശേഷം കെ.എം സീതി സാഹിബ് സംഘത്തിന്റെ ഉദ്ദേശ്യങ്ങളും ആദർശങ്ങളും പ്രതിപാദിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്യുകയുണ്ടായി എന്നാണ് ഇ.കെ.മൗലവി എഴുതിയത്. എന്നാൽ ഈ ചോദ്യം ചോദിച്ചപ്പോൾ ഉണ്ടായ സംഭവം എൻ.കെ അഹ്മദ് മൗലവി 'കേരള മുസ്‌ലിംകളും ഐക്യസംഘവും' എന്ന തന്റെ കൊച്ചുകൃതിയിൽ വിശദീകരിച്ചത് ഇങ്ങനെയാണ്:

"ഇനിയെന്താണ് ചോദിക്കാനുള്ളതെന്ന് അന്വേഷിച്ചപ്പോൾ അഹ്മദ് കോയ മുസ്‌ല്യാർ ഇങ്ങനെ പറഞ്ഞു: 'ഇവരുടെ വകയായുള്ള 'മുസ്‌ലിം ഐക്യം' മാസികയിൽ 'മുസ്‌ലിയാന്മാർക്ക് ഇസ്‌ലാമിക ചരിത്രം ശരിക്ക് അറിഞ്ഞുകൂടായെന്ന് എഴുതിയിട്ടുണ്ട്. അത് ശരിയല്ല.'

ഇതിന്ന് ഇ.കെ. മൗലവിയാണ് മറുപടി പറഞ്ഞത്. മറുപടി ഇപ്രകാരമായിരുന്നു: 'ഞാനാണ് അതെഴുതിയത്. ഉത്തമവിശ്വാസത്തോടെ തന്നെ. ഇവിടെ പല മുസ്‌ല്യാന്മാരും ഉണ്ടല്ലോ. അവരോട് ഞാൻ ചിലത് ചോദിക്കാം. അവരുടെ മറുപടിയിൽനിന്ന് നമുക്ക് കാര്യം തീരുമാനിക്കാൻ കഴിയും.' ഇതു കേട്ട് അവിടെ കൂടിയവർ 'അതൊക്കെ പോകട്ടെ' എന്നു പറഞ്ഞു തടിതപ്പുകയാണു ചെയ്തത്. ഇ.കെ.മൗലവിയുടെ ഈ വെല്ലുവിളിയെ നേരിടാൻ അഹ്മദ് കോയ മുസ്‌ല്യാർ പോലും ധൈര്യം കാണിച്ചില്ല.

ഇത്രയും നടന്നപ്പോൾ ഐക്യസംഘത്തിന്റെ ആദർശോദ്ദേശ്യങ്ങൾ വിവരിച്ചു കേൾക്കണമെന്നായി സദസ്സിന്റെ പൊതുവെയുള്ള ആവശ്യം. അപ്പോൾ ആറ്റക്കോയ നിർദേശിച്ചതനുസരിച്ചുകെ.എം.സീതി സ്വാഹിബ് സംഘത്തിന്റെ ആദർശലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് സദസ്സിനെ കോൾമയിർ കൊള്ളിച്ച ഒരു ചെറു പ്രസംഗം ചെയ്തു."[31]

സീതിസാഹിബിന്റെ പ്രസംഗത്തിനു മുമ്പായി നടന്ന ഈ സംഭവം യാഥാസ്ഥിതികരുടെ അക്കാലത്തെ പാണ്ഡിത്യത്തെക്കുറിച്ച് കൃത്യമായ ഒരു ധാരണ നൽകുന്നു.

കോഴിക്കോട് സമ്മേളനത്തെക്കുറിച്ച് ഇ.കെ.മൗലവി 'അൽഇത്തിഹാദി'ൽ തുടർന്നെഴുതുന്ന ഭാഗം കൂടി കാണുക:

"ആദ്യത്തിൽ പല കോളിളക്കങ്ങൾ ഉണ്ടായെങ്കിലും യോഗം ശുഭകരമായ നിലയിലാണ് പര്യവസാനിച്ചത്. കാരണം, അതിൽ സംബന്ധിച്ച എല്ലാ ആലിമുകളും സംഘത്തിന്റെ പ്രവർത്തനത്തെ സ്തുതിക്കുകയും സംഘത്തിന്റെ ദീർഘായുസ്സിനായുള്ള പാങ്ങിൽ അഹമ്മദ് കുട്ടി മുസ്‌ല്യാർ മർഹൂമിന്റെ പ്രാർഥനയോടുകൂടി ആ പരമാർഥം പ്രഖ്യാപിക്കുകയും ചെയ്തു. യോഗം പിരിഞ്ഞ് എല്ലാവരും അവരവരുടെ നാടുകളിലേക്ക് തിരിച്ചുപോവുകയും ചെയ്തു. ഇല്ല, രണ്ടു മാസം കഴിഞ്ഞില്ല. സംഘത്തിന്റെ നേരെ പലഭാഗത്തുനിന്നും ആക്ഷേപശരങ്ങൾ വർഷിക്കാൻ തുടങ്ങി. അതിലും നായകത്വം വഹിച്ചത് പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ല്യാർ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഈ നയം മാറ്റത്തെക്കുറിച്ച് കീളക്കര കുഞ്ഞിമൊയ്തീൻ സാഹിബ് മർഹും പാങ്ങിന് കത്തെഴുതി ചോദിച്ചതിന് അദ്ദേഹം കൊടുത്ത മറുപടി, ഐക്യസംഘത്തോട് യോജിക്കാൻ പരിതഃസ്ഥിതി എന്നെ അനുവദിക്കുന്നില്ല എന്ന അർഥത്തിലായിരുന്നു. അതു വാസ്തവവുമാണ്. കൊടികുത്ത്, ചന്ദനക്കുടം മുതലായ നേർച്ചകളെയും ജാറങ്ങളിൽ നടക്കുന്ന ശിർക്കുപരമായ സംഭവങ്ങളെയും എതിർത്തുകൊണ്ടുള്ള പലപ്രസിദ്ധീകരണങ്ങളും സംഘം വകയായി പുറത്തുവന്നിരുന്നു. ഇതിനെല്ലാം തെളിവായി കൊടുത്തിരുന്നത് ഇമാം കുർദിയുടെ ഫതാവാ, ഇബ്നു ഹജറുൽ ഹൈതമിയുടെ ഫതാവാ, അദ്ദേഹത്തിന്റെ സവാജിർ കിതാബുൽ ഇദാം, കഫ്ഫുർറആഅ് മുതലായ കിതാബുകളുടെ ഇബാറത്തുകളായിരുന്നു. ആ ഇബാറത്തുകളെ എതിർക്കാനുള്ള കഴിവ് വാർഷികയോഗത്തിൽ വെച്ച് അവർക്ക് ഉണ്ടായിരുന്നില്ല. കറാമത്തിന്റെ പേരിൽ അവയെ സ്ഥാപിക്കാനും അവർക്കു ധൈര്യം വന്നില്ല. തന്മൂലം സംഘത്തിന്റെ പ്രവർത്തനങ്ങളെ അവർ സമ്മതിക്കേണ്ടതായിവന്നു.

പുറത്തുവന്നപ്പോഴാണ് അവർക്കു മനസ്സിലായത്, ഈ പ്രസ്ഥാനം മുമ്പോട്ടുപോയാൽ ജാറങ്ങളിൽ നിന്നുള്ള വരവുകളും ആട്, മാട്, കുക്കുടം മുതലായ നേർച്ചകളും റാത്തീബ്, മൗലിദ്, മാലപ്പാട്ട് മുതലായവ കൊണ്ടുള്ള വരുമാനങ്ങളും നിലയ്ക്കുമെന്ന്. അങ്ങനെ അവർ കണ്ണടച്ച് എതിർക്കാൻ തന്നെ തീരുമാനിച്ചു. ഇതാണ് പാങ്ങ് പറഞ്ഞ പരിസ്ഥിതി. എന്നാൽ മുസ്‌ല്യാക്കളുടെ എതിർപ്പൊന്നും വകവെക്കാതെ സംഘത്തിന്റെ പ്രവർത്തനം മുമ്പോട്ടുനീങ്ങുകതന്നെ ചെയ്തു."[32] *(തുടരും)*

*അവലംബം:*

*30. ഇ.കെ.മൗലവി, (ഖാദിമുൽ ഇസ്‌ലാം എന്ന തൂലികാനാമത്തിൽ) അൽഇത്തിഹാദ് മാസിക, 1954 ജൂലായ്-സെപ്റ്റംബർ.*

*31. ഐക്യസംഘവും കേരള മുസ്‌ലിംകളും, എൻ.കെ. അഹ്മദ് മൗലവി, യുവത ബുക്ക് ഹൗസ്, പേജ് 35,36.*

*32. ഇ.കെ.മൗലവി, (ഖാദിമുൽ ഇസ്‌ലാം എന്ന തൂലികാനാമത്തിൽ) അൽഇത്തിഹാദ് മാസിക, 1954 ജൂലായ്-സെപ്റ്റംബർ.*

# സൂറ: സ്വാഫ്ഫാത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 37

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَإِنَّ إِلْيَاسَ لَمِنَ ٱلْمُرْسَلِينَ ﴿١٢٣﴾

123. ഇൽയാസും ദൂതൻമാരിലൊരാൾ തന്നെ.

إِذْ قَالَ لِقَوْمِهِۦٓ أَلَا تَتَّقُونَ ﴿١٢٤﴾

124. അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

أَتَدْعُونَ بَعْلًا وَتَذَرُونَ أَحْسَنَ ٱلْخَٰلِقِينَ ﴿١٢٥﴾

125. നിങ്ങൾ ബഅ്ലിനെ വിളിച്ച് പ്രാർഥിക്കുകയും ഏറ്റവും നല്ല സൃഷ്ടികർത്താവിനെ വിട്ടുകളയുകയുമാണോ?

ٱللَّهَ رَبَّكُمْ وَرَبَّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿١٢٦﴾

126. അഥവാ നിങ്ങളുടെയും നിങ്ങളുടെ പൂർവപിതാക്കളുടെയും രക്ഷിതാവായ അല്ലാഹുവെ.

فَكَذَّبُوهُ فَإِنَّهُمْ لَمُحْضَرُونَ ﴿١٢٧﴾

127. അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുകളഞ്ഞു. അതിനാൽ അവർ (ശിക്ഷയ്ക്ക്) ഹാജരാക്കപ്പെടുകതന്നെ ചെയ്യും.

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٢٨﴾

128. അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസൻമാർ ഒഴികെ.

وَتَرَكْنَا عَلَيْهِ فِى ٱلْءَاخِرِينَ ﴿١٢٩﴾

129. പിൽകാലക്കാരിൽ അദ്ദേഹത്തിന്റെ സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു.

سَلَٰمٌ عَلَىٰٓ إِلْ يَاسِينَ ﴿١٣٠﴾

130. ഇൽയാസിന് സമാധാനം!

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٣١﴾

131. തീർച്ചയായും അപ്രകാരമാകുന്നു സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٣٢﴾

132. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരുടെ കൂട്ടത്തിലാകുന്നു.

وَإِنَّ لُوطًا لَّمِنَ ٱلْمُرْسَلِينَ ﴿١٣٣﴾

133. ലൂത്വും ദൂതൻമാരിലൊരാൾ തന്നെ.

إِذْ نَجَّيْنَٰهُ وَأَهْلَهُۥٓ أَجْمَعِينَ ﴿١٣٤﴾

134. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആളുകളെയും മുഴുവൻ നാം രക്ഷപ്പെടുത്തിയ സന്ദർഭം (ശ്രദ്ധേയമത്രെ).

إِلَّا عَجُوزًا فِى ٱلْغَٰبِرِينَ ﴿١٣٥﴾

135. പിൻമാറി നിന്നവരിൽപ്പെട്ട ഒരു കിഴവിയൊഴികെ.

ثُمَّ دَمَّرْنَا ٱلْءَاخَرِينَ ﴿١٣٦﴾

136. പിന്നെ മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു.

وَإِنَّكُمْ لَتَمُرُّونَ عَلَيْهِم مُّصْبِحِينَ ﴿١٣٧﴾

137. തീർച്ചയായും നിങ്ങൾ രാവിലെ അവരുടെ അടുത്തുകൂടി കടന്നുപോവാറുണ്ട്;

وَبِٱلَّيْلِ ۗ أَفَلَا تَعْقِلُونَ ﴿١٣٨﴾

138. രാത്രിയിലും. എന്നിട്ടും നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നില്ലേ?

وَإِنَّ يُونُسَ لَمِنَ ٱلْمُرْسَلِينَ ﴿١٣٩﴾

139. യൂനുസും ദൂതൻമാരിലൊരാൾ തന്നെ.

| | |
|---|---|
| 140. അദ്ദേഹം ഭാരം നിറച്ച കപ്പലിലേക്ക് ഒളിച്ചോടിയ സന്ദർഭം (ശ്രദ്ധേയമത്രെ). | إِذْ أَبَقَ إِلَى ٱلْفُلْكِ ٱلْمَشْحُونِ ﴿١٤٠﴾ |
| 141. എന്നിട്ട് അദ്ദേഹം (കപ്പൽ യാത്രക്കാരോടൊപ്പം) നറുക്കെടുപ്പിൽ പങ്കെടുത്തു. അപ്പോൾ അദ്ദേഹം പരാജിതരുടെ കൂട്ടത്തിലായിപോയി. | فَسَاهَمَ فَكَانَ مِنَ ٱلْمُدْحَضِينَ ﴿١٤١﴾ |
| 142. അങ്ങനെ അദ്ദേഹം ആക്ഷേപത്തിന് അർഹനായിരിക്കെ ആ വൻമത്സ്യം അദ്ദേഹത്തെ വിഴുങ്ങി. | فَٱلْتَقَمَهُ ٱلْحُوتُ وَهُوَ مُلِيمٌ ﴿١٤٢﴾ |
| 143. എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ലെങ്കിൽ | فَلَوْلَآ أَنَّهُۥ كَانَ مِنَ ٱلْمُسَبِّحِينَ ﴿١٤٣﴾ |
| 144. ജനങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ അതിന്റെ വയറ്റിൽതന്നെ അദ്ദേഹത്തിന് കഴിഞ്ഞുകൂടേണ്ടി വരുമായിരുന്നു. | لَلَبِثَ فِى بَطْنِهِۦٓ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤٤﴾ |
| 145. എന്നിട്ട് അദ്ദേഹത്തെ അനാരോഗ്യവാനായ നിലയിൽ തുറന്ന സ്ഥലത്തേക്ക് നാം തള്ളി | فَنَبَذْنَٰهُ بِٱلْعَرَآءِ وَهُوَ سَقِيمٌ ﴿١٤٥﴾ |
| 146. അദ്ദേഹത്തിന്റെ മേൽ നാം യഖ്തീൻ വൃക്ഷം മുളപ്പിക്കുകയും ചെയ്തു. | وَأَنۢبَتْنَا عَلَيْهِ شَجَرَةً مِّن يَقْطِينٍ ﴿١٤٦﴾ |

(123-126). ഇവിടെ അല്ലാഹു തന്റെ അടിമയും ദൂതനുമായ ഇൽയാസിനെ പ്രശംസിക്കുന്നു; അദ്ദേഹത്തിന് പ്രവാചകത്വവും പ്രബോധനവും ഏൽപിച്ചതും. തന്റെ ജനതയോട് സൂക്ഷ്മതയോടെ ജീവിക്കാൻ അദ്ദേഹം ഉപദേശിച്ചു; അല്ലാഹുവിനെ മാത്രം ആരാധിക്കാനും 'ബഅ്ൽ' എന്ന ബിംബത്തെ ഉപേക്ഷിക്കാനും. സൃഷ്ടിക്കുകയും ആ സൃഷ്ടിപ്പ് നന്നാക്കുകയും ചെയ്ത, അവരെ ഏറ്റവും നന്നായി പരിപാലിക്കുന്ന അല്ലാഹുവിനുള്ള ആരാധനയാണ് അവർ ഉപേക്ഷിച്ചത്. എത്ര അനുഗ്രഹങ്ങളാണ് അവൻ അവർക്ക് നൽകിയത്! അതും അവരെ ഓർമിപ്പിച്ചു.

അല്ലാഹുവിനെ വിട്ട്, ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത, സൃഷ്ടിക്കുകയോ ഭക്ഷണം നൽകുകയോ ചെയ്യാത്ത, തിന്നാത്ത, സംസാരിക്കാത്തവയെ നിങ്ങൾ എങ്ങനെ ആരാധിക്കും? ഇതിനെക്കാളും വലിയൊരു വഴികേടുണ്ടോ? അറിവുകേടും പിഴവുമുണ്ടോ?

(127). (അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുകളഞ്ഞു) അദ്ദേഹം അവരെ ക്ഷണിച്ചതിന് അവർ കീഴ്പ്പെട്ടില്ല. അല്ലാഹു അവരെ താക്കീതു ചെയ്ത് പറയുന്നു: (അതിനാൽ അവർ-ശിക്ഷക്ക്-ഹാജരാക്കപ്പെടുകതന്നെ ചെയ്യും. ഇഹലോക ശിക്ഷയല്ല, പരലോകത്തുള്ള ശിക്ഷ.

(128). (അല്ലാഹുവിന്റെ നിഷ്കളങ്കന്മാരായ ദാസന്മാർ ഒഴികെ) അതായത്, അല്ലാഹു തെരഞ്ഞെടുത്ത അവരുടെ പ്രവാചകന്മാരെ പിൻപറ്റാൻ പ്രാപ്തരാക്കി അവൻ അനുഗ്രഹിച്ചവർ. അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരല്ല. അവർക്ക് മഹത്തായ പ്രതിഫലമാണുള്ളത്.

(129). (അദ്ദേഹത്തിന്റെ മേൽ നാം അവശേഷിപ്പിക്കുകയും ചെയ്തു) ഇൽയാസിന്റെ മേൽ. (പിൽകാലക്കാരിൽ) സൽകീർത്തി.

(130). (ഇൽയാസിന് സമാധാനം) അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള അഭിവാദ്യങ്ങൾ.

(131,132). (തീർച്ചയായും അപ്രകാരമാകുന്നു സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരുടെ കൂട്ടത്തിലാകുന്നു) അദ്ദേഹത്തിന്റെ സഹോദരന്മാരായ മറ്റു പ്രവാചകന്മാരെ പുകഴ്ത്തിയതുപോലെ അദ്ദേഹത്തെയും അല്ലാഹു പുകഴ്ത്തി.

(133-134). തന്റെ ദാസനും ദൂതനുമായ ലൂത് നബി(അ)യെയാണ് അല്ലാഹു ഇവിടെ പുകഴ്ത്തുന്നത്. അദ്ദേഹത്തിന്റെ പ്രവാചകത്വവും പ്രബോധനവും, ശിർക്കും ദുഷ്പ്രവർത്തികളും വിരോധിച്ചതും അദ്ദേഹത്തിന്റെ മഹത്വമായി പറയുന്നു. അദ്ദേഹത്തിന്റെ ജനത വഴിപിഴച്ചു. അദ്ദേഹത്തെയും കൂടെയുള്ളവരെയും അല്ലാഹു രക്ഷപ്പെടുത്തി. അവർ രാത്രിയിൽ രക്ഷപ്പെട്ടു.

(135). (പിൻമാറി നിന്നവരിൽ പെട്ട ഒരു കിഴവി ഒഴികെ) അവളും ശിക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അത് ലൂത് നബിയിൽ വിശ്വസിക്കാത്ത അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു.

(136). (പിന്നെ മറ്റുള്ളവരെ നാം തകർത്തു കളഞ്ഞു) അവരുടെ വീടുകൾ തലകീഴായി മറിച്ച് നശിപ്പിച്ചു.

جَعَلْنَا عَالِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهَا
حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾

"അങ്ങനെ നമ്മുടെ കൽപന വന്നപ്പോൾ ആ രാജ്യത്തെ നാം കീഴ്മേൽ മറിക്കുകയും അട്ടിയട്ടിയായി ചുളവെച്ച ഇഷ്ടികക്കല്ലുകൾ നാം അവരുടെ മേൽ വർഷിക്കുകയും ചെയ്തു" (11:82). അവർ തകർന്ന് തരിപ്പണമായി.

(137,138). (തീർച്ചയായും നിങ്ങൾ രാവിലെയും രാത്രിയും അവരുടെ അടുത്തു നകൂടി കടന്നുപോകാറുണ്ട്) ലൂത്വിന്റെ ജനതയുടെ താമസസ്ഥലങ്ങളിലൂടെ. (രാവിലെയും രാത്രിയും) ഈ സമയങ്ങളിലെല്ലാം ധാരാളമായി കടന്നുപോകാറുണ്ടെന്നർഥം; സംശയത്തിനോ ശങ്കയ്ക്കോ ഇടയില്ലാത്ത നവിധം. (നിങ്ങൾ ചിന്തിക്കുന്നില്ലേ?) ദൃഷ്ടാന്തങ്ങളും ഗുണപാഠങ്ങളും. നാശത്തിന്റെ വഴിയിൽനിന്ന് നിങ്ങൾക്ക് അകന്നുനിന്നുകൂടേ?

(139). തന്റെ അടിമയും ദൂതനുമായ യൂനുസ്ബിൻ മത്തായെ അല്ലാഹു ഇവിടെ പുകഴ്ത്തുന്നു; സഹോദരങ്ങളായ മറ്റു പ്രവാചകന്മാരെ പുകഴ്ത്തിയതുപോലെ. അദ്ദേഹത്തിന്റെ പ്രവാചകത്വവും പ്രബോധനവും എടുത്തുപറഞ്ഞുകൊണ്ട്.

(140). അല്ലാഹു അദ്ദേഹത്തെക്കുറിച്ച് പറയുന്നു: ഈ ലോകത്തുവെച്ച് അല്ലാഹു അദ്ദേഹത്തെ ശിക്ഷിച്ചു. എന്നിട്ട് ആ ശിക്ഷയിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചു; വിശ്വാസവും സൽക്കർമങ്ങളും കാരണം. (ഒളിച്ചോടിപ്പോയ സന്ദർഭം) അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കില്ലെന്നും മത്സ്യത്തിന്റെ വയറ്റിൽ തടഞ്ഞുവെക്കുകയില്ലെന്നും ധരിച്ച് അദ്ദേഹം കോപത്തോടെ ഓടിപ്പോയി. അല്ലാഹുവിന്റെ കോപത്തിന്റെ കാരണമോ അദ്ദേഹം ചെയ്ത പാപമോ അല്ലാഹു പരാമർശിക്കുന്നില്ല. കാരണം, അതു പറയുന്നതിൽ നമുക്കൊരു പ്രയോജനവുമില്ല. അദ്ദേഹം ഒരു പാപം ചെയ്തുവെന്നും അതിന് അല്ലാഹു ശിക്ഷിച്ചുവെന്നും സൂചനകളുണ്ട്. അദ്ദേഹം ഉന്നതനായ ഒരു പ്രവാചകനായിരുന്നിട്ടും ശിക്ഷയിൽനിന്നൊഴിവായില്ല. അതിനുശേഷം രക്ഷിക്കുകയും കുറ്റവിമുക്തനാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നന്മക്കാവശ്യമായ കാര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

അദ്ദേഹം ഓടി അഭയം തേടി. (ഭാരം നിറച്ച കപ്പലിലേക്ക്) യാത്രക്കാരെയും ചരക്കുകളെയും നിറച്ച. മറ്റുള്ളവരോടൊപ്പം അദ്ദേഹം കൂടി കയറിയപ്പോൾ കപ്പൽ വളരെയധികം ഭാരമുള്ളതായിത്തീർന്നു. അതിനാൽ യാത്രക്കാരിൽ ചിലരെ കപ്പലിൽനിന്ന് പുറത്തെറിയേണ്ടിവരും. ആരെയാണ് കടലിൽ എറിയേണ്ടത് എന്ന് തീരുമാനിക്കാൻ അവർ നറുക്കിട്ടു. ഇത് കപ്പൽ ജീവനക്കാരുടെ നീതിയെ സൂചിപ്പിക്കുന്നു. അല്ലാഹു ഒരു കാര്യം തീരുമാനിക്കുമ്പോൾ അത് നടപ്പിലാക്കാനുള്ള മാർഗം അവൻ സൃഷ്ടിക്കുന്നു.

(141-142). അവർ നറുക്കെടുത്തപ്പോൾ യൂനുസ്(അ) അതിൽ ഉൾപ്പെട്ടു. (അപ്പോൾ അദ്ദേഹം പരാജിതരുടെ കൂട്ടത്തിൽ ആയിത്തീർന്നു) പരാജിതരുടെ കൂട്ടത്തിൽ; അതിനാൽ അദ്ദേഹത്തെ കടലിൽ എടുത്തെറിഞ്ഞു.

(ആ മത്സ്യം അദ്ദേഹത്തെ വിഴുങ്ങി) എറിഞ്ഞ സമയത്ത്. വിഴുങ്ങുന്ന സമയം അദ്ദേഹം (ആക്ഷേപത്തിന് അർഹനായിരിക്കെ) ആക്ഷേപാർഹമായ പ്രവൃത്തി ചെയ്തവൻ, തന്റെ രക്ഷിതാവിനെ കോപിപ്പിച്ചവൻ.

(143). (എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നവരുടെ കൂട്ടത്തിൽ ആയിരുന്നില്ലെങ്കിൽ) അദ്ദേഹം മുമ്പ് ധാരാളം ആരാധനകൾ ചെയ്തിരുന്നു. അല്ലാഹുവിനെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്തു. മത്സ്യത്തിന്റെ വയറ്റിലായപ്പോഴും അദ്ദേഹം പറഞ്ഞു:

لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ
مِنَ الظَّالِمِينَ ﴿٨٧﴾

"നീയല്ലാതെ ആരാധ്യനില്ല. നീ മഹാപരിശുദ്ധൻ. തീർച്ചയായും ഞാൻ അക്രമികളിൽ പെട്ടവനായിരിക്കുന്നു" (21:87).

(144). (ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ അതിന്റെ വയറ്റിൽത്തന്നെ അദ്ദേഹത്തിന് കഴിഞ്ഞു കൂടേണ്ടിവരുമായിരുന്നു) അത് അദ്ദേഹത്തിന്റെ ക്വബ്ർ ആകുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മഹത്ത്വവും ആരാധനയും കാരണം അല്ലാഹു രക്ഷിച്ചു. വിശ്വാസികൾക്ക് പ്രയാസം വരുമ്പോൾ അപ്രകാരം അല്ലാഹു അവരെ രക്ഷിക്കുന്നു.

(145). (എന്നിട്ട് അദ്ദേഹത്തെ തുറന്ന സ്ഥലത്ത് നാം തള്ളി) അതായത് മത്സ്യം അദ്ദേഹത്തെ വയറ്റിൽനിന്ന് തരിശായ തീരത്തേക്ക് പുറംതള്ളി; മരങ്ങളും തണലും ഇല്ലാത്ത. (രോഗിയായ നിലയിൽ) മത്സ്യത്തിന്റെ വയറ്റിൽ താമസിച്ചതിനാൽ അദ്ദേഹം രോഗിയായിരുന്നു. പുതുതായി വിരിഞ്ഞ കോഴിക്കുഞ്ഞിനെ പോലെ അദ്ദേഹം ആയിത്തീർന്നു.

(146). (അദ്ദേഹത്തിന്റെ മേൽ യക്തീൻ വൃക്ഷം നാം മുളപ്പിക്കുകയും ചെയ്തു) അദ്ദേഹത്തിന് തണൽ നൽകാൻ വേണ്ടി. യക്തീൻ വൃക്ഷം തണുപ്പ് നൽകുന്നതാണ്. അതിൽ ഈച്ച വരില്ല. ഇത് അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ കരുണയും സ്നേഹവുമാണ്.

അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി

# ദുൽഹജ്ജിലെ പത്തു ദിനരാത്രങ്ങളുടെ ശ്രേഷ്ഠതകൾ

08

ദുൽഹജ്ജിലെ നല്ല നാളുകളിലേക്കടുക്കുമ്പോൾ പുണ്യം നേടാനുള്ള ആവേശവും ആത്മാർഥതയും നമുക്കുണ്ടാകണം. നാം നമ്മുടെ മനസ്സ് നന്നാക്കി, പാപമുക്തി നേടുക. അതാകുന്നു അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗം. അല്ലാഹു പറയുന്നു: "നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ നാം നമ്മുടെ നേർമാർഗ ത്തിലേക്ക് നയിക്കുകതന്നെ ചെയ്യും. നിശ്ചയമായും അല്ലാഹു സദ്വൃത്തരോടൊപ്പ വുമായിരിക്കും" (ക്വുർആൻ 29:69).

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിലും ഔദാര്യത്തിലും പെട്ടതാണ്, തന്റെ ദാസ ന്മാർക്ക് സൽകർമങ്ങൾക്ക് കൂടുതൽ പ്രതിഫ ലം നൽകുന്നതിനുവേണ്ടി അവൻ പ്രത്യേക കാലവും സമയവും നിർണയിച്ചു തന്നിരിക്കുന്നു എന്നുള്ളത്. അത്ത രത്തിലുള്ള പ്രത്യേക പുണ്യകാലങ്ങളിൽ പെട്ടതാണ് ദുൽഹജ്ജ് മാ സത്തിലെ ആദ്യത്തെ പത്തു ദിനരാത്രങ്ങൾ.

പ്രസ്തുത ദിവസങ്ങൾക്കുള്ള മഹത്ത്വങ്ങളും ശ്രേഷ്ഠതകളും വിവരി ക്കുന്ന അനേകം വചനങ്ങൾ വിശുദ്ധക്വുർആനിലും പ്രവാചകവചന ങ്ങളിലും കണ്ടെത്താവുന്നതാണ്.

1) അല്ലാഹു പറയുന്നു: "പ്രഭാതവും പത്ത് രാത്രികളും തന്നെയാണ് സത്യം" (സൂറത്തുൽ ഫജ്ർ 1-2). ഈ ആയത്തിൽ പറയുന്ന പത്തു രാവുകൾകൊണ്ടുദ്ദേശിക്കുന്നത് ദുൽഹജ്ജ് മാസത്തിലെ പത്തു രാത്രികളാണെന്നാണ് ഇബ്നുകസീർ(റഹ്) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.



2) “നിശ്ചിതദിവസങ്ങളിൽ അവന്റെ നാമം സ്മരിക്കുന്നതിന്നും വേണ്ടി” (അൽഹജ്ജ് 28). ഈ വചനത്തിലെ ‘നിശ്ചിത ദിവസങ്ങൾ’ കൊണ്ടുദ്ദേശിക്കുന്നത് ദുൽഹജ്ജിലെ പത്ത് ദിവസങ്ങളാണെന്ന് ഇബ്നു അബ്ബാസി (റ)ൽനിന്നും ഉദ്ധരിക്കപ്പെടുന്നുണ്ട്.

3) നബി(സ്വ) പറഞ്ഞു: ‘ഈ പത്ത് ദിവസങ്ങളിൽ ചെയ്യുന്ന കർമങ്ങളെക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമവുമില്ല.’ സ്വഹാബികൾ ചോദിച്ചു: ‘അപ്പോൾ ജിഹാദോ?’ നബി(സ്വ) പറഞ്ഞു: ‘ഒരാൾ തന്റെ സമ്പ ത്തും ശരീരവുമായി യുദ്ധക്കളത്തിലേക്ക് പോയി തിരിച്ചുവരാത്തവിധം എല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പിച്ച് രക്തസാക്ഷിത്വം വരിച്ചെങ്കിലല്ലാതെ അതും (ജിഹാദും) ഈ ദിവസങ്ങളിലെ സൽകർമങ്ങളോളം പുണ്യമുള്ളതായിത്തീരുകയില്ല” (ബുഖാരി).

4) അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്: “നബി(സ്വ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ‘ഈ ദിവസങ്ങളെപ്പോലെ അല്ലാഹുവിങ്കൽ മഹത്തായ മറ്റൊരു ദിവസവുമില്ല. ഈ ദിവസങ്ങളിൽ നിർവഹിക്കുന്ന സൽകർമങ്ങളെപ്പോലെ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റു കർമങ്ങളുമില്ല. അതുകൊണ്ട് നിങ്ങൾ സ്തുതികീർത്തനങ്ങളും തക്ബീറുകളും തഹ്‌ലീലുകളും (ലാ ഇലാഹ ഇല്ലല്ലാഹു) അധികരിപ്പിക്കുക” (ത്വബ്റാനി, മുഅ്ജമുൽ കബീർ).

5) “സഈദുബ്നു ജുബൈർ(റ) ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങളിൽ തനിക്ക് താങ്ങാൻ കഴിയുന്നതിലുമപ്പുറം സൽകർമങ്ങൾ പ്രവർത്തിക്കാൻ പരിശ്രമിക്കുമായിരുന്നു” (ദാരിമി).

6) “മേൽപറയപ്പെട്ട ദിനങ്ങൾക്ക് ഇത്രമാത്രം മഹത്ത്വമുണ്ടാകാനുള്ള കാരണം ഈ ദിവസങ്ങളിലേതു പോലെ, ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനകളായ നമസ്കാരം, നോമ്പ് ഹജ്ജ്, ദാനധർമങ്ങൾ എന്നിങ്ങനെയുള്ള എല്ലാ ആരാധനകളും ഒരുമിച്ചുവരുന്ന മറ്റു ദിവസങ്ങൾ വേറെയില്ല എന്നതാണ്” (ഇബ്നുഹജറുൽ അസ്ക്വലാനി, ഫത്ഹുൽബാരി).

ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങൾക്ക് പ്രത്യേകതയുള്ളതിനാൽ നാം നിർവഹിക്കുന്ന കർമങ്ങൾ കൂടുതൽ ശ്രദ്ധയോടെയും പരിപൂർണരൂപത്തിലും നിർവഹിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നമസ്കാരം: നിർബന്ധ നമസ്കാരങ്ങൾ സമയമായാലുടനെ കഴിവതും ജമാഅത്തായി പള്ളിയിൽവെച്ച് നിർവഹിക്കുക, സുന്നത്തു നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുക എന്നിവയെല്ലാം ഏറ്റവും ശ്രേഷ്ഠകരമായ കർമങ്ങളാകുന്നു. ഇവ ദുൽഹജ്ജ് മാസത്തിൽ മാത്രമായി പ്രവർത്തിക്കേണ്ട കാര്യങ്ങളല്ല; എല്ലാ കാലത്തും വേണ്ടതാണ്.

സൗബാനി(റ)ൽ നിന്ന്, നബി (സ്വ) പറഞ്ഞു: “നിങ്ങൾ സുജൂദുകൾ അധികരിപ്പിക്കുക. ഏതൊരു മനുഷ്യനും; അവൻ നിർവഹിക്കുന്ന ഓരോ സുജൂദു മുഖേനയും അവന്റെ പദവികൾ ഉയർത്തുകയോ പാപങ്ങൾ മായ്ക്കുകയോ ചെയ്യുകൊണ്ടല്ലാതെ അത് നിർവഹിക്കുന്നില്ല” (മുസ്‌ലിം).

നോമ്പ്: പ്രവാചകപത്നിമാരിൽനിന്നും റിപ്പോർട്ട് ചെയ്യുന്നു: “നബി(സ്വ) ദുൽഹജ്ജ് ഒമ്പത്, മുഹർറം പത്ത് മാസങ്ങളിൽ പൗർണമി ദിനങ്ങളായ പതിമൂന്ന്, പതി

ദുൽഹജ്ജ്പത്തിനെ 'ബലിദിനം' (യൗമുന്നഹ്ർ) എന്ന് പ്രവാചകൻ(സ്വ) വിശേഷിപ്പിച്ചതിൽനിന്നു തന്നെ, അന്ന് നിർവഹിക്കാനുള്ള പ്രധാനപ്പെട്ട കർമം ബലി (ഉദുഹിയ്യത്ത്) ആണെന്ന് മനസ്സിലാക്കാവുന്നതാണ്. കഴിവുണ്ടായിരുന്നിട്ടും ഉദുഹിയ്യത്ത് നിർവഹിക്കാതിരിക്കുന്നത് ശരിയല്ല. വർഷത്തിൽ ഒരുതവണ മാത്രമാണ് നമ്മോട്, നമുക്ക് ആയുസ്സും ജോലിയെടുക്കാനും സമ്പാദിക്കാനുമെല്ലാമുള്ള കഴിവും സൗകര്യങ്ങളും നൽകി അനുഗ്രഹിച്ച അല്ലാഹു ആവശ്യപ്പെടുന്നത്! എന്നിട്ടും പലരും അതിനെ അവഗണിക്കുന്നു. ഓരോ വർഷവും അനാവശ്യമായി എത്രയോ പണം ചെലവഴിക്കുന്ന സമ്പന്നരുണ്ട്; ബലിയറുക്കാൻ അവർ കാശ് ചെലവഴിക്കാൻ മടിക്കു കയും ചെയ്യുന്നു.

നാല്, പതിനഞ്ച് എന്നിവയിൽ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു" (സ്വഹീഹു മുസ്‌ലിം).

ഇമാംനവവി(റഹ്) ദുൽഹജ്ജ് ഒന്നുമുതൽ ഒമ്പത് കൂടിയ ദിവസങ്ങളിൽ തുടർച്ചയായി നോമ്പനുഷ്ഠിക്കൽ നല്ലതാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്.

അറഫാദിനം: ഹജ്ജ്കർമം നിർവഹിച്ചുകൊണ്ടിരിക്കുന്ന ഹാജിമാർ അല്ലാത്തവർക്ക് അറഫാ ദിവസത്തിൽ നോമ്പുനോൽക്കൽ ഏറെ പുണ്യമുള്ള കാര്യമാണ്.

അത് കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ ഓരോ വർഷത്തെ പാപങ്ങൾ പൊറുപ്പിക്കാൻ പര്യാപ്തമായതാണ്. (സ്വഹീഹു മുസ്‌ലിം).

**തക്ബീറുകൾ**

ഇബ്നുഉമറി(റ)ൽനിന്ന് ത്വബ്റാനി ഉദ്ധരിച്ച, മുകളിൽ സൂചിപ്പിച്ച ഹദീസിന്റെ അടിസ്ഥാനത്തിൽ തക്ബീർ, ലാ ഇലാഹ ഇല്ലല്ലാഹു, അൽഹംദുലില്ലാ എന്നീ കീർത്തനങ്ങൾ പ്രസ്തുത ദിവസങ്ങളിൽ അധികരിപ്പിക്കേണ്ടതാണ്. ഇബ്നുഉമർ(റ), അബൂഹുറയ്റ(റ) എന്നിവർ ഈ ദിവസങ്ങളിൽ അങ്ങാടികളിലിറങ്ങി തക്ബീർ ചൊല്ലുകയും അതു കേട്ട് ജനങ്ങളും തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു (ബുഖാരി).

**ഉദുഹിയ്യത്ത്**

ദുൽഹജ്ജ്പത്തിനെ 'ബലിദിനം' (യൗമുന്നഹ്ർ) എന്ന് പ്രവാചകൻ(സ്വ) വിശേഷിപ്പിച്ചതിൽനിന്നു തന്നെ, അന്ന് നിർവഹിക്കാനുള്ള പ്രധാനപ്പെട്ട കർമം ബലി (ഉദുഹിയ്യത്ത്) ആണെന്ന് മനസ്സിലാക്കാവുന്നതാണ്. കഴിവുണ്ടായിരുന്നിട്ടും ഉദുഹിയ്യത്ത് നിർവഹിക്കാതിരിക്കുന്നത് ശരിയല്ല. വർഷത്തിൽ ഒരുതവണ മാത്രമാണ് നമ്മോട്, നമുക്ക് ആയുസ്സും ജോലിയെടുക്കാനും സമ്പാദിക്കാനുമെല്ലാമുള്ള കഴിവും സൗകര്യങ്ങളും നൽകി അനുഗ്രഹിച്ച അല്ലാഹു ആവശ്യപ്പെടുന്നത്! എന്നിട്ടും പലരും അതിനെ അവഗണിക്കുന്നു. ഓരോ വർഷവും അനാവശ്യമായി എത്രയോ പണം ചെലവഴിക്കുന്ന സമ്പന്നരുണ്ട്; ബലിയറുക്കാൻ അവർ കാശ് ചെലവഴിക്കാൻ മടിക്കു കയും ചെയ്യുന്നു.

ഒട്ടകം, മാട് വർഗം എന്നിവയിൽ ഏഴുപേർക്കുവരെ പങ്കുചേർന്ന് അറുക്കുവാൻ ഇസ്‌ലാം അനുവാദം നൽകുന്നു. ഈ പുണ്യകർമത്തിൽ കൂടുതൽ ആളുകൾക്ക് പങ്കെടുക്കാൻ അത് സഹായകമാണ്. ആടിനെയാണ് ബലിയറുക്കുന്നതെങ്കിൽ അത് ഒരാൾ തനിച്ചായിരിക്കണം, ഒന്നിലധികം ആളുകൾക്ക് പങ്കുചേരാവതല്ല.

അതുപോലെ ഒരാൾക്ക് ഒരു മൃഗത്തെ തനിക്കും തന്റെ കുടുംബത്തിനുമായി അറുക്കാവുന്നതാണ്. അബൂഅയ്യൂബുൽ അൻസ്വാരി(റ)യിൽ നിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: "നബി(സ്വ)യുടെ കാലത്ത് ഒരാൾ തനിക്കും തന്റെ വീട്ടുകാർക്കും കൂടി ഒരാടിനെ ബലിയറുക്കുകയും അവരതിൽനിന്ന് ഭക്ഷിക്കുകയും മറ്റുള്ളവരെ ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു" (ഇബ്നുമാജ, തിർമിദി).

**മൃഗത്തിന്റെ സ്വഭാവം**

തടിച്ചുകൊഴുത്തതും ആരോഗ്യമുള്ളതും വൈകല്യങ്ങൾ ഇല്ലാത്തതുമായ നല്ലയിനം മൃഗമായിരിക്കണം ഉദുഹിയ്യത്തിനായി തിരഞ്ഞെടുക്കേണ്ടത്. എന്ന് ഹദീസുകളിൽ കാണാവുന്നതാണ്. നബി(സ്വ) പറഞ്ഞു: "കണ്ണിന്ന് തകരാറുകളുള്ളത്, രോഗം പ്രകടമായത്, മുടന്തുകാലുള്ളത്, മെലിഞ്ഞു കൊഴുപ്പൊക്കെ നശിച്ചത് എന്നീ നാലുതരം മൃഗങ്ങളെ ബലിയറുക്കൽ അനുവദനീയമല്ല" (അഹ്മദ്).

**അറുക്കേണ്ട സമയം**

പെരുന്നാൾ നമസ്കാരശേഷം മാത്രമെ അറുക്കാൻ

പാടുള്ളൂ. നബി(സ്വ) പറഞ്ഞു: "ഈ ദിവസത്തിൽ ആദ്യമായി നാം നിർവഹിക്കുന്നത് നമസ്കാരമാണ്. പിന്നെ നാം മടങ്ങുകയും ബലിയറുക്കുകയും ചെയ്യും. ഇങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ നമ്മുടെ സുന്നത്ത് പിൻപറ്റി. ആരെങ്കിലും നമസ്കാരത്തിനുമുമ്പ് അറുത്താൽ അത് തന്റെ വീട്ടുകാർക്ക് മാംസത്തിനുവേണ്ടി മാത്രമായിരിക്കും. ഉദുഹിയ്യത്തിൽ അതുൾപ്പെടുന്നതല്ല" (മുസ്‌ലിം).

'ബലിദിനം' എന്നു റസൂൽ(സ്വ) വിശേഷിപ്പിച്ച ദുൽഹജ്ജ് പത്താണ് ബലിയറുക്കാൻ ഏറ്റവും ഉത്തമമായത് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അയ്യാമുത്തശ്‌രീക് എന്നറിയപ്പെടുന്ന ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങളിലും അറുക്കുന്നതിന് വിരോധമില്ല.

### മാംസവിതരണം

"അവയുടെ (നിങ്ങൾ അറുക്കുന്ന മൃഗത്തിന്റെ) മാംസങ്ങളോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതല്ല. എന്നാൽ നിങ്ങളുടെ തക്‌വ(ധർമനിഷ്ഠ)യാണ് അവന്റെയടുത്ത് എത്തുന്നത്" (ക്വുർആൻ 22:37).

മാംസം വിതരണം ചെയ്യുന്നതിന് പ്രത്യേക അനുപാതമോ പരിധിയോ നിശ്ചയിക്കപ്പെട്ടില്ല. ബലിയെ സംബന്ധിച്ച് പറയുന്നിടത്ത് വിശുദ്ധ ക്വുർആൻ ഇപ്രകാരം വ്യക്തമാക്കുന്നുണ്ട്:

"ആ ബലിയൊട്ടകങ്ങൾ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവനെയും ആവശ്യപ്പെട്ടു വരുന്നവനെയും നിങ്ങൾ ഭക്ഷിപ്പിക്കുകയും ചെയ്യുക" (ഹജ്ജ്:36). "നിങ്ങൾ അതിൽനിന്ന് ഭക്ഷിക്കുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക" (അൽഹജ്ജ്: 28). ഇവിടെ, നൽകപ്പെടേണ്ടവരായി പാവപ്പെട്ടവർ, യാചിച്ചുവരുന്നവർ എന്നിവരാണ് എന്നാണ് ക്വുർആൻ പറഞ്ഞിട്ടുള്ളത്. 'നിങ്ങൾ തിന്നുക, ദാനംചെയ്യുക, സൂക്ഷിക്കുക' (തിർമിദി) എന്നാണ് ഹദീസുകളിലും വന്നിട്ടുള്ളത്. ഇവിടെയെല്ലാം നിരുപാധിക മായ പദങ്ങൾ ഉപയോഗിച്ചിട്ടുള്ളതിനാൽ, അൽപം ഭക്ഷിക്കാൻ എടുക്കുകയും ബാക്കി ആവശ്യക്കാർക്കു വിതരണം ചെയ്യുകയുമാണ് വേണ്ടത്.

അറവുകാരന്ന് കൂലിയെന്ന നിലയ്ക്ക് മാംസമോ മൃഗത്തിന്റെ തോലോ നൽകരുതെന്ന് പ്രത്യേകം ഹദീസുകളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. അലി(റ) പറയുന്നു: "നബി(സ്വ) തന്റെ ഒട്ടകത്തിന്റെ കാര്യം നിർവഹിക്കാനും അതിന്റെ മാംസവും തോലും അതിന്മേലുള്ള വിരിപ്പും ദാനം ചെയ്യുവാനും എന്നോട് കൽപിച്ചു. അതിൽനിന്ന് ഒരു വസ്തുവും അറവുകാർക്ക് കൂലിയായി നൽകരുതെന്നും കൽപിച്ചു. ഞങ്ങൾ അവർക്ക് കൂലിയായി വേറെ സ്വന്തമായി നൽകുകയാണ് ചെയ്തിരുന്നത്" (ബുഖാരി, മുസ്‌ലിം). ഇക്കാര്യം നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### അറുക്കുന്നവർ ശ്രദ്ധിക്കേണ്ടത്

ബലിയറുക്കാൻ ഉദ്ദേശിക്കുന്നവർ ദുൽഹജ്ജ് മാസം പിറന്നുകഴിഞ്ഞാൽ തന്റെ ശരീരഭാഗങ്ങളിൽ നിന്ന് രോമങ്ങൾ നീക്കം ചെയ്യുവാനോ നഖം മുറിക്കുവാനോ പാടുള്ളതല്ല. ഉമ്മുസലമ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഉദുഹിയ്യത്ത് ഉദ്ദേശിക്കുന്നുവെങ്കിൽ ദുൽഹജ്ജ് മാസപ്പിറവി കണ്ടുകഴിഞ്ഞാൽ അറവുനടത്തുന്നതുവരെ അവന്റെ ശരീരത്തിൽനിന്ന് മുടികളും നഖങ്ങളും നീക്കം ചെയ്യുന്നത് ഉപേക്ഷിക്കണ്ടതാണ്" (മുസ്‌ലിം).

കഴിവതും സ്വന്തമായിത്തന്നെ അറുക്കലാണ് ഏറ്റവും ഉത്തമം. അതിന് പ്രയാസമുള്ളവർ അറവു നടത്തുന്നിടത്ത് ഹാജറാകുവാനെങ്കിലും ശ്രദ്ധിച്ചിരിക്കണം.

'ബിസ്മില്ലാഹി വല്ലാഹു അക്ബർ' എന്നു പറഞ്ഞുകൊണ്ടായിരിക്കണം അറുക്കേണ്ടത്. പ്രവാചകൻ(സ്വ) അപ്രകാരമായിരുന്നു നിർവഹിച്ചിരുന്നത് എന്ന് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസുകളിൽ വന്നിട്ടുണ്ട്. അറവിനുശേഷം, നബി(സ) 'അല്ലാഹുമ്മ തക്വബ്ബൽ മിൻ മുഹമ്മദിൻ' (അല്ലാഹുവേ, മുഹമ്മദിൽനിന്നും ഇതു നീ സ്വീകരിക്കേണമേ) എന്ന് പ്രാർഥിച്ചതായി മുസ്‌ലിമും അബൂദാവൂദും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

### നാമും ഒരുങ്ങുക

ദുൽഹജ്ജിലെ നല്ല നാളുകളിലേക്കടുക്കുമ്പോൾ പുണ്യം നേടാനുള്ള ആവേശവും ആത്മാർഥതയും നമുക്കുണ്ടാകണം. നാം നമ്മുടെ മനസ്സ് നന്നാക്കി, പാപമുക്തി നേടുക. അതാകുന്നു അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗം. അല്ലാഹു പറയുന്നു: "നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ നാം നമ്മുടെ നേർമാർഗത്തിലേക്ക് നയിക്കുകതന്നെ ചെയ്യും. നിശ്ചയമായും അല്ലാഹു സദ്‌വൃത്തരോടൊപ്പ വുമായിരിക്കും" (ക്വുർആൻ 29:69).

നമുക്കുമൊരുങ്ങാം; തക്‌വയുള്ളവരായിത്തീരാൻ, സ്വർഗം നേടിയെടുക്കാൻ. വിജയികളെ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക: "തീർച്ചയായും അവർ നന്മയിൽ ധൃതികാണിക്കുകയും (സ്വർഗത്തെ) ആഗ്രഹിച്ചുകൊണ്ടും (നരകത്തെ) പേടിച്ചുകൊണ്ടും നമ്മോടു പ്രാർഥിക്കുകയും, നമ്മോട് ഭക്തി കാണിക്കുകയും ചെയ്യുന്നവരായിരുന്നു" (അൽഅൻബിയാഅ്: 90).

വിവ. അബ്ദുൽ ജബ്ബാർ മദീനി



# വുദൂഅ് അഥവാ അംഗശുദ്ധി

### നിർവചനവും മതവിധിയും

'വദാഅ്' എന്ന പദത്തിൽനിന്ന് വ്യുൽപന്നമായതാണ് 'വുദൂഅ്.' വൃത്തിയും ഭംഗിയുമാണ് വദാഅ. അല്ലാഹുവിനുള്ള ഇബാദത്തെന്ന നിലയ്ക്ക് മതം നിഷ്കർശിച്ച രീതിയിൽ മുഖം, കൈകൾ, തല, കാലുകൾ എന്നീ നാല് അവയവങ്ങളിൽ വെള്ളം ഉപയോഗിക്കലാണ് വുദൂഇന്റെ സാങ്കേതികഭാഷ്യം.

വുദൂഇന്റെ മതവിധി: നമസ്കരിക്കുവാനും ത്വവാഫു ചെയ്യുക, മുസ്വ്ഹഫ് തൊടുക പോലുള്ള നമസ്കാരത്തിന്റെ വിധിയിലുള്ള കർമങ്ങൾ നിർവഹിക്കുവാനും ചെറിയ അശുദ്ധിയുള്ളവൻ ഉദ്ദേശിച്ചാൽ വുദൂഅ് നിർബന്ധമാകുന്നു.

### നിർബന്ധമെന്നതിന്റെ തെളിവുകൾ

വുദൂഅ് നിർബന്ധമെന്നതിന്റെ തെളിവ് വിശുദ്ധ വചനമാകുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ രണ്ടുകൈകളും കഴുകുകയും നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ടു കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗംനടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം" (ക്വുർആൻ 5:6).

തിരുനബി(സ്വ) പറഞ്ഞു: "ശുദ്ധി വരുത്താതെ ഒരു നമസ്കാരവും ചതിച്ചെടുത്ത സമ്പത്തുകൊണ്ടുള്ള ഒരു ദാനധർമവും അല്ലാഹു സ്വീകരിക്കുകയില്ല."

"വുദൂഅ് ചെയ്യുന്നതുവരെ അശുദ്ധിയായവന്റെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല."

ഈ വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ യാതൊരു എതിരഭിപ്രായവുമില്ല. അപ്പോൾ, വിശുദ്ധ ക്വുർആൻകൊണ്ടും തിരുസുന്നത്തുകൊണ്ടും ഇജ്മാഅ് കൊണ്ടും വുദൂഅ് മതപരമെന്നത് സ്ഥിരപ്പെട്ടു.

നമസ്കരിക്കുവാനോ അതിന്റെ വിധിയിലുള്ള (ത്വവാഫു നിർവഹിക്കുക, മുസ്ഹഫ് തൊടുക പോലുള്ള) കർമങ്ങൾക്കോ ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ മുസ്ലിം ഉദ്ദേശിച്ചാൽ അവനു വുദൂഅ് നിർബന്ധമാകുന്നു.

### വുദൂഇന്റെ നിബന്ധനകൾ

വുദൂഅ് സാധുവാകുവാൻ താഴെ വരുന്ന കാര്യങ്ങൾ നിബന്ധന(ശർത്വ്)യാക്കപ്പെടും:

1. ഇസ്‌ലാം, ബുദ്ധി, വകതിരിവ്: അതിനാൽ കാഫിർ, ഭ്രാന്തൻ എന്നിവരുടെ വുദൂഅ് സാധുവാകുകയില്ല. വകതിരിവെത്തുന്ന പ്രായത്തെക്കാൾ കുറഞ്ഞ പ്രയമുള്ളവരിൽനിന്ന് അത് പരിഗണിക്കപ്പെടുകയുമില്ല.
2. നിയ്യത്ത്: ഈ തിരുമൊഴിയാണ് അതിനു പ്രമാണം: "നിശ്ചയം, കർമങ്ങൾ നിയ്യത്തുകൾകൊണ്ടു മാത്രമാകുന്നു." നിയ്യത്ത് ഉച്ചരിക്കൽ മതപരമല്ല. തിരുനബിയിൽനിന്ന് അപ്രകാരം സ്ഥിരപ്പെട്ടുവന്നിട്ടില്ല.
3. ത്വഹൂറായ വെള്ളം (ശുദ്ധിയാക്കുവാൻ പര്യാപ്തമായ വെള്ളം): വെള്ളങ്ങളെ കുറിച്ചുള്ള വിഷയത്തിൽ അതിനെപ്പറ്റി ഉണർത്തിയിരുന്നുവല്ലോ. എന്നാൽ നജസായ വെള്ളംകൊണ്ട് വുദൂഅ് സാധുവാകുകയില്ല.
4. മെഴുക്, മാവ്, സ്ത്രീകൾക്കിടയിൽ ഇന്ന് സുപരിചിതമായ നഖങ്ങളിലിടുന്ന ക്യൂട്ടക്സ് പോലുള്ള, തൊലിയിലേക്ക് വെള്ളം ചേരുന്നതിനു തടസ്സമാകുന്നവ നീക്കം ചെയ്യൽ.
5. മലമൂത്ര വിസർജനം നിർവഹിച്ചിട്ടുണ്ടെങ്കിൽ ശൗചം ചെയ്യൽ. തെളിവ് മുമ്പ് ഉദ്ധരിച്ചതാണ്.
6. മുവാലാത്ത് അഥവാ തുടർച്ച.
7. തർത്തീബ് അഥവാ ക്രമപ്രകാരംചെയ്യൽ. ഇതിനെക്കുറിച്ചുള്ള സംസാരം ശേഷം വരുന്നുണ്ട്.
8. കഴുകൽ നിർബന്ധമായ മുഴുവൻ അവയവങ്ങളും കഴുകൽ.

### വുദ്വൂഇന്റെ ഫർദുകൾ

വുദൂഇന്റെ ഫർദുകൾ (നിർബന്ധ ഘടകങ്ങൾ) ആറെണ്ണമാകുന്നു. അവ:

1. മുഖം പൂർണമായും കഴുകൽ. അല്ലാഹു പറഞ്ഞു: "നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങൾ കഴുകുക" (ക്വുർആൻ 5:6). മദ്‌മദത്തും (വായിൽ വെള്ളം ചുഴറ്റിത്തുപ്പുക) മൂക്കിൽ വെള്ളം കയറ്റി ച്ചീറ്റലും കഴുകേണ്ടതിൽ പെട്ടതാണ്. കാരണം വായും മൂക്കും മുഖത്തിൽ പെട്ടതാണ്.
2. മുട്ടുകൾ ഉൾപ്പെടുത്തി കൈകൾ കഴുകൽ. അല്ലാഹു പറഞ്ഞു: "നിങ്ങൾ മുട്ടുവരെ രണ്ടു കൈകളും കഴുകുകയും ചെയ്യുക" (ക്വുർആൻ 5: 6).
3. ചെവികൾ തടവുന്നതോടൊപ്പം തല മുഴുവനും തടവൽ. അല്ലാഹു പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ തല തടവുകയും ചെയ്യുക" (ക്വുർആൻ 5:6). തിരുനബി(സ്വ) പറഞ്ഞു: "ഇരു ചെവികളും തലയിൽപെട്ടതാണ്." അതിനാൽ തലയുടെ ചില ഭാഗങ്ങൾ തടവിയാൽ മതിയാവുകയില്ല.
4. നെരിയാണി ഉൾപ്പെടുത്തി കാലുകൾ കഴുകൽ. അല്ലാഹു പറഞ്ഞു: "നിങ്ങൾ നെരിയാണി വരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക" (ക്വുർആൻ 5: 6).
5. തർത്തീബ് (ക്രമാനുസൃതം വുദ്വൂഅ് ചെയ്യൽ). കാരണം, അല്ലാഹു ക്രമപ്രകാരമാണ് ഇത് ഉണർത്തിയത്. അല്ലാഹു ഉണർത്തിയതു പ്രകാരം ക്രമാനുസൃതമായാണ് നബി(സ്വ) വുദൂഅ് ചെയ്തത്. അഥവാ മുഖം, ഇരുകൈകൾ, തല, ഇരുകാലുകൾ എന്നീ ക്രമത്തിൽ. അബ്ദുല്ലാഹ് ഇബ്നു സെയ്ദി(റ)ൽനിന്നും മറ്റുമുള്ള ഹദീസിൽ നബി(സ്വ)യുടെ വുദൂഇന്റെ രൂപം വിവരിക്കുന്നതിൽ ഇപ്രകാരം വന്നിട്ടുണ്ട്.
6. മുവാലാത്ത്(തുടർച്ചയായി ചെയ്യൽ): ഒരു അവയവം കഴുകിയ ഉടനെത്തന്നെ പിന്തിപ്പിക്കാതെ അടുത്ത അവയവം കഴുകിക്കൊണ്ടാണ് തുടർച്ച. നബി(സ്വ) തുടർച്ചയായിക്കൊണ്ടാണ് വുദൂഅ് ചെയ്തത്. ഖാലിദ് ഇബ്നു മഅ്ദാനി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "ഒരു വ്യക്തി നമസ്കരിക്കുന്നത് നബി(സ്വ) കണ്ടു. അയാളുടെ കാൽപാദത്തിൽ ഒരു ദിർഹമിന്റെ വലിപ്പത്തിൽ വെള്ളം ഏറ്റിട്ടില്ലാത്ത ഭാഗമുണ്ടായിരുന്നു. നബി(സ്വ) അയാളോട് വുദൂഅ് മടക്കിച്ചെയ്യുവാൻ കൽപിച്ചു." മുവാലാത്ത് ശർത്വ ല്ലായിരുന്നുവെങ്കിൽ അയാളോട് വെള്ളമെത്താത്ത ഭാഗം മാത്രം കഴുകുവാനാണ് നബി(സ്വ) കൽപിക്കുക. വുദൂഅ് മുഴുവനും മടക്കിയെടുക്കുവാൻ കൽപിക്കുമായിരുന്നില്ല.

### വുദൂഇന്റെ സുന്നത്തുകൾ

വുദൂഅ് ചെയ്യുമ്പോൾ അനുഷ്ഠിക്കൽ പ്രതിഫലാർഹമായ ചില കർമങ്ങളുണ്ട്. അവ പ്രാവർത്തികമാക്കുന്നവർക്ക് അതിനു കൂലി ലഭിക്കും. ഇത്തരം കർമങ്ങൾക്ക് വുദൂഇന്റെ സുന്നത്തുകൾ എന്ന് അറിയപ്പെടുന്നു. അവ താഴെ പറയുന്നവയാണ്:

1. വുദൂഇന്റെ തുടക്കത്തിൽ ബിസ്മി ചൊല്ലൽ: തിരുനബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ നാമം ഉച്ചരിക്കാത്തവർക്ക്(ബിസ്മി ചൊല്ലാത്തവർക്ക്) വുദൂഅ് തന്നെയില്ല."
2. ദന്തശുദ്ധി വരുത്തൽ: "എന്റെ സമുദായത്തോട്, അവർക്ക് വിഷമം സൃഷ്ടിക്കുമായിരുന്നില്ലെങ്കിൽ ഓരോ തവണയും വുദൂഇനോടൊന്നിച്ച് ദന്തശുദ്ധിവരുത്തുവാൻ ഞാൻ കൽപിക്കുമായിരുന്നു."
3. വുദൂഇന്റെ തുടക്കത്തിൽ മുൻകൈകൾ മൂന്നുതവണ കഴുകൽ: തിരുദൂതർ അപ്രകാരം കഴുകുമായിരുന്നു. തിരുനബിയുടെ വുദൂഇന്റെ രൂപം വിശദീ

കരിക്കുന്ന ഹദീസിൽ മൂന്നുതവണ തിരുമേനി മുൻകൈകൾ കഴുകുമായിരുന്നു എന്ന് വന്നിട്ടുണ്ട്.

4. നോമ്പുകാരല്ലാത്തവർ മൂക്കിൽ പൂർണമായി വെള്ളം കയറ്റിച്ചീറ്റലും വായിൽ വെള്ളം ചുഴറ്റിത്തുപ്പലും. തിരുദൂതരുടെ വദൂഇന്റെ രൂപത്തിൽ ഇപ്രകാരമുണ്ട്: "നബി(സ്വ) വായിൽ വെള്ളം ചുഴറ്റിത്തുപ്പുകയും മൂക്കിൽ വെള്ളം പ്രവേശിപ്പിച്ച് ചീറ്റുകയും ചെയ്തു." അവിടുന്ന് പറഞ്ഞു: "താങ്കൾ വ്രതമനുഷ്ഠിക്കുമ്പോൾ ഒഴികെ മൂക്കിൽ പൂർണമായി വെള്ളം കയറ്റി ചീറ്റുകയും വേണം."
5. തേച്ചുരക്കലും തിങ്ങിയ താടിയുടെ ഉള്ളിലേക്ക് വെള്ളമെത്തുവോളം അത് ചിക്കറുത്ത് കഴുകലും. തിരുചര്യയിൽ അപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്.

"നബി(സ്വ) വുദുഅ് ചെയ്താൽ തന്റെ ഭുജങ്ങൾ തേച്ച് കഴുകുമായിരുന്നു." "തിരുമേനി തന്റെ താടിയുടെ താഴ്ഭാഗത്തിലൂടെ വെള്ളം പ്രവേശിപ്പിച്ച് താടി ചിക്കറുത്ത് കഴുകുമായിരുന്നു."

6. കൈകാലുകൾ കഴുകുമ്പോൾ വലതുഭാഗം മുന്തിപ്പിക്കുക: തിരുനബിയുടെ പ്രവൃത്തി അപ്രകാരം വന്നിട്ടുണ്ട്. "...ചെരിപ്പ് ധരിക്കുന്നതിലും മുടിചീകുന്നതിലും ശുദ്ധിവരുത്തുന്നതിലും മറ്റെല്ലാ കാര്യങ്ങളിലും വലതുവശത്തിനു മുൻഗണന നൽകുന്നത് തിരുനബിക്ക് തൃപ്തികരമായിരുന്നു."
7. മുഖം, കൈകൾ, കാലുകൾ എന്നിവ കഴുകുന്നത് മൂന്നു തവണയാക്കൽ. നിർബന്ധമായത് ഒരു തവണയാകുന്നു. മൂന്നു തവണ സുന്നത്താകുന്നു. തിരുചര്യ അപ്രകാരം വന്നിട്ടുണ്ട്: "തിരുനബി വുദൂഅ് ചെയ്തപ്പോൾ ഓരോ പ്രാവശ്യവും ഈരണ്ട് പ്രാവശ്യവും മുമ്മൂന്ന് പ്രാവശ്യവും വുദൂഇന്റെ ഓരോ അംഗവും കഴുകിയിട്ടുണ്ട്."
8. വുദൂഇനു ശേഷമുള്ള ദിക്റു ചൊല്ലുക. തിരുനബി(സ്വ) പറഞ്ഞു: "വുദൂഅ് പൂർണരൂപത്തിൽ നിർവഹിച്ച ശേഷം 'അല്ലാഹുവല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യംവ ഹിക്കുന്നു. അവൻ ഏകനും യാതൊരു പങ്കുകാരനില്ലാത്തവനുമാണ്. മുഹമ്മദ്(സ്വ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന് പറഞ്ഞാൽ അയാൾക്ക് സ്വർഗത്തിന്റെ എട്ട് കവാടങ്ങളും തുറക്കപ്പെടും. താൻ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ അയാൾക്ക് പ്രവേശിക്കാവുന്നതാണ്."

## നവാകിദുൽ വുദൂഅ്

വുദൂഇനെ നഷ്ടപ്പെടുത്തുകയും അസാധുവാക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് 'നവാകിദ്വുൽ വുദൂഅ്.' അവ ആറാകുന്നു:

1. മലമൂത്ര ദ്വാരങ്ങളിൽനിന്ന് വല്ലതും പുറപ്പെടൽ: മൂത്രം, മലം, മനിയ്യ്, മദിയ്യ്, ഇസ്തിഹാദത്തിന്റെ രക്തം, കീഴ്വായു എന്നിവയാണ് പുറപ്പെടുന്നവ; അതു നേരിയ നിലയിലായാലും കടുത്ത നിലയിലായാലും. അല്ലാഹു പറഞ്ഞു: "അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജനം കഴിഞ്ഞ് വരികയോ ചെയ് താൽ (ക്വുർആൻ 4: 43).

തിരുദൂതർ(സ്വ) പറഞ്ഞു: "നിങ്ങളിലൊരാൾക്ക് അശുദ്ധിയുണ്ടായാൽ വുദൂഅ് ചെയ്യുന്നതുവരെ അയാ ളുടെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല." ഈ ഹദീസ് മുമ്പ് സൂചിപ്പിച്ചുവല്ലോ. തിരുനബി (സ്വ) പറഞ്ഞു: "...കാഷ്ഠിക്കുക, മൂത്രിക്കുക, ഉറങ്ങുക എന്നിവ നിമിത്തമുണ്ടാകുന്ന ചെറിയ അശുദ്ധിയിൽനിന്ന് (വുദൂഅ് ചെയ്തു) ശുദ്ധി വരുത്തുവാൻ..."

വയറ്റിൽനിന്ന് കീഴ്വായുവോ മറ്റോ പുറത്തുപോയോ എന്നു സംശയിക്കുന്ന വ്യക്തിയുടെ വി ഷയത്തിൽ നബി(സ്വ) പറഞ്ഞു: "ശബ്ദം കേൾക്കുകയോ മണം അനുഭവപ്പെടുകയോ ചെയ്യുന്നതുവരെ അവൻ നമസ്കാരത്തിൽനിന്നു പിരിഞ്ഞു പോകേണ്ടതില്ല."

2. മറ്റു ശരീരഭാഗങ്ങളിൽനിന്ന് നജസു പുറപ്പെടൽ: കാഷ്ടവും മൂത്രവുമാണ് പുറപ്പെടുന്നതെങ്കിൽ നിരുപാധികം വുദൂഅ് നഷ്ടമാകും; മുമ്പ് സൂചിപ്പിച്ച പ്രമാണങ്ങളിൽ അവ ഉൾപ്പെടുന്നതിനാലാണത്. രക്തം, ഛർദിച്ചത് പോലുള്ള ഇതര നജസുകളാണെങ്കിൽ അത് മോശമാം വിധവും ധാരാളവുമാണെങ്കിൽ സൂക്ഷ്മതയുടെ വശം മുഖവിലക്കെടുത്ത് വുദൂഅ് പുതുക്കലാണ് ഏറ്റവും ഉത്തമമായത്. കുറഞ്ഞ രീതിയിലാണെങ്കിൽ വുദൂഅ് ചെയ്യേണ്ടതില്ലെന്നതിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമുണ്ട്.
3. ബോധക്ഷയം, ഉറക്കം എന്നിവയാൽ ബുദ്ധിനീങ്ങലും മൂടലും. നബി(സ്വ) പറഞ്ഞു: "...കാഷ്ഠിക്കുക, മൂത്രിക്കുക, ഉറങ്ങുക എന്നിവ നിമിത്തമുണ്ടാകുന്ന ചെറിയ അശുദ്ധിയിൽനിന്ന് (വുദൂഅ് ചെയ്തു) ശുദ്ധി വരുത്തുവാൻ..."

"കണ്ണുകളാണ് ഗുദദ്വാരത്തെ ബന്ധിച്ചു നിർത്തുന്ന കെട്ട്. വല്ലവനും ഉറങ്ങിയാൽ അവൻ വുദൂഅ് ചെയ്യട്ടെ." എന്നാൽ ഭ്രാന്ത്, ബോധക്ഷയം, ലഹരിബാധ പോലുള്ളതിനാൽ വുദൂഅ് മുറിയുമെന്നതിൽ ഏകാഭിപ്രായമുണ്ട്. സംവേദനക്ഷമത ശേഷിക്കാത്തവിധമുള്ള ഗാഢമായ ഉറക്കമാണ് വുദൂഇനെ മുറിക്കുന്ന ഉറക്കം; അത് ഏതു രൂപത്തി

ലായാലും ശരി. എന്നാൽ നേരിയ രീതിയിലുള്ള ഉറക്കം വുദൂഇനെ മുറിക്കുകയില്ല. കാരണം സ്വഹാബികൾ നമസ്കാരം പ്രതീക്ഷിച്ചിരിക്കവെ അവർക്ക് മയക്കം ബാധിക്കുകയും അവർ എഴുന്നേറ്റ് നമസ്കരിക്കുകയും ചെയ്യുമായിരുന്നു; അവർ വുദൂഅ് പുതുക്കുമായിരുന്നില്ല.

4. മനുഷ്യന്റെ ഗുഹ്യസ്ഥാനത്തെ മറകൂടാതെ സ്പർശിക്കുക. ബസ്റ ബിൻത് സ്വഫ്വാനി(റ)ൽനിന്ന് നിവേദനം. തിരുദൂതർ പറഞ്ഞു: "ആർ തന്റെ ഗുഹ്യാവയവത്തെ സ്പർശിച്ചുവോ അവൻ വുദൂഅ് ചെയ്യട്ടെ." അബൂഅയ്യൂബി(റ)ൽനിന്നും ഉമ്മുഹബീബ(റ)യിൽനിന്നും നിവേദനം ചെയ്യപ്പെടുന്ന ഹദീസിൽ ഇപ്രകാരം കാണാം: "ആരെങ്കിലും തന്റെ 'ഫർജിനെ' സ്പർശിച്ചാൽ അവർ വുദൂഅ് ചെയ്യട്ടെ."
5. ഒട്ടകമാംസം ഭക്ഷിക്കൽ. ജാബിർ ഇബ്നു സമുറ(റ)യിൽനിന്നും ഉദ്ധരിക്കപ്പെടുന്ന ഹദീസിൽ ഇപ്രകാരം കാണാം: "ഒരാൾ അല്ലാഹുവിന്റെ റസൂലി(റ)നോട് ചോദിച്ചു: ആടിന്റെ മാസം കഴിച്ചാൽ ഞാൻ വുദൂഅ് ചെയ്യേണമോ?" നബി(സ്വ) പറഞ്ഞു: 'താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ വുദൂഅ് ചെയ്യുക അല്ലെങ്കിൽ വുദൂഅ് ചെയ്യേണ്ടതില്ല.' 'ഒട്ടകമാസം കഴിച്ചാൽ ഞാൻ വുദൂഅ് ചെയ്യേണമോ?' നബി(സ്വ) പറഞ്ഞു: 'അതെ, താങ്കൾ ഒട്ടകമാംസം കഴിച്ചാൽ വുദൂഅ് ചെയ്യണം."

### വുദൂഅ് നിർബന്ധമായ കാര്യങ്ങൾ

1. നമസ്കാരം: തിരുനബി(സ്വ) പറഞ്ഞതായി ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം: "ശുദ്ധി വരുത്താതെ യാതൊരു നമസ്കാരവും ചതിച്ചെടുത്ത സ്വത്തുകൊണ്ടുള്ള യാതൊരു ദാനധർമവും (സ്വദക്വ) അല്ലാഹു സ്വീകരിക്കുകയില്ല."
2. കഅ്ബ ത്വവാഫു ചെയ്യൽ: നിർബന്ധമായ ത്വവാഫായാലും ഐച്ഛികമായ ത്വവാഫായാലും വുദൂഅ് നിർബന്ധമാണ്. നബി(സ്വ) അപ്രകാരം പ്രവർത്തിച്ചിട്ടുണ്ട്. "തിരുനബി(സ്വ) വുദൂഅ് ചെയ്യുകയും ശേഷം ത്വവാഫു ചെയ്യുകയും ചെയ്തു."

"കഅ്ബക്കു ചുറ്റുമുള്ള ത്വവാഫ് സ്വലാത്താകുന്നു. എന്നാൽ അല്ലാഹു അതിൽ സംസാരം അനുവദിച്ചു." ശുദ്ധി പ്രാപിക്കുന്നതുവരെ നബി(സ്വ) ആർത്തവകാരിയെ ത്വവാഫിൽനിന്നു തടഞ്ഞതും ഇതിന് തെളിവാണ്.

3. മറയില്ലാതെ മുസ്ഹഫ് സ്പർശിക്കൽ: അല്ലാഹു പറഞ്ഞു: "പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല" (ക്വുർആൻ 56:79) തിരുനബി പറഞ്ഞു: "ശുദ്ധിയുള്ളവനല്ലാതെ ക്വുർആൻ സ്പർശിക്കരുത്."

### വുദൂഅ് സുന്നത്തായ അവസ്ഥകൾ

താഴെ വരുന്ന അവസ്ഥകളിൽ വുദൂഅ് സുന്നത്താകുന്നു:

1. ദിക്ർ ചൊല്ലുമ്പോൾ, ക്വുർആൻ പാരായണം ചെയ്യുമ്പോൾ.
2. എല്ലാ നമസ്കാരവേളകളിലും. തിരുനബി(സ്വ) ഓരോ നമസ്കാരത്തിനും വുദൂഅ് പുതുക്കൽ നിത്യമാക്കിയിരുന്നു. "എല്ലാ നമസ്കാരവേളയിലും തിരുനബി(സ്വ) വുദൂഅ് ചെയ്യുമായിരുന്നു."
3. വലിയ അശുദ്ധിയുള്ളവൻ വീണ്ടും സംഭോഗം ചെയ്യുവാനോ അല്ലെങ്കിൽ ഉറങ്ങുവാനോ ഭക്ഷണ പാനീയത്തിനോ ഉദ്ദേശിച്ചാൽ വുദൂഅ് ചെയ്യൽ സുന്നത്താണ്. അബൂസഈദിൽഖുദ്രി(റ)യിൽനിന്നു നിവേദനം. തിരുദൂതർ പറഞ്ഞു: "നിങ്ങളിലാരെങ്കിലും തന്റെ ഭാര്യയുടെ അടുക്കൽ ചെന്ന് (സംഭോഗത്തിലേർപ്പെട്ട്) വീണ്ടും മടങ്ങിച്ചെല്ലുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (അതിന്നിടയിൽ) അവൻ വുദൂഅ് ചെയ്യേണ്ടതാണ്." ആഇശ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്:

"അല്ലാഹുവിന്റെ തിരുദൂതർ (സ്വ) ജനാബത്തുകാരനായിരിക്കെ ഉറങ്ങുവാനുദ്ദേശിച്ചാൽ ഉറങ്ങുന്നതിനു മുമ്പ് നമസ്കാരത്തിനു വുദൂഅ് ചെയ്യുന്നതുപോലെ വുദൂഅ് ചെയ്യുമായിരുന്നു." ആഇശ(റ)യുടെ തന്നെ മറ്റൊരു റിപ്പോർട്ടിൽ 'തിരുദൂതർ ഭക്ഷിക്കുവാനോ ഉറങ്ങുവാനോ ഉദ്ദേശിച്ചാൽ' എന്നാണുള്ളത്.

4. കുളിക്കുന്നതിനു മുമ്പ് വുദൂഅ് ചെയ്യൽ: ആഇശ(റ)യിൽ നിന്നു നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർ ജനാബത്തു കുളിക്കുവാനുദ്ദേശിച്ചാൽ കൈകൾ കഴുകിക്കൊണ്ട് ആരംഭിക്കുമായിരുന്നു. തുടർന്ന് വലതു കൈകൊണ്ട് ഇടതു കൈയിൽ വെള്ളമൊഴിച്ച് ഗുഹ്യാവയവം കഴുകും. ശേഷം നമസ്കാരത്തിനു വുദൂഅ് ചെയ്യുന്നതുപോലെ വുദൂഅ് ചെയ്യും..."
5. ഉറങ്ങുന്ന വേളയിൽ: അൽബർറാഅ് ഇബ്നുആസിബി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്. നബി(സ്വ) പറഞ്ഞു: "താങ്കൾ ഉറക്കശയ്യ പ്രാപിക്കുവാനുദ്ദേശിച്ചാൽ നമസ്കാരത്തിനു വുദൂഅ് ചെയ്യുന്നതുപോലെ വുദൂഅ് ചെയ്യുക. ശേഷം താങ്കളുടെ വലതുഭാഗത്തിന്മേലായി ചെരിഞ്ഞു കിടക്കുക..."

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽ നിന്നുമെടുത്തത്)*

ഹുസ്ന മലോറം

# പൊൻ മകനേ...



എൻ പൊൻ മകനേ, നീ
നന്നായ് വളരണം,
നന്മതൻ മാനത്ത്
മിന്നിത്തിളങ്ങണം.
കള്ളം പറയാതെ
ഉള്ളം വെളുപ്പിച്ച്
സൽവാക്ക് നിന്നുടെ
ചുണ്ടിൽ വിരിയണം.
തിന്മയിരുട്ടാണ്
പൊന്മകനേ, നിന്റെ
കാലുകൾ നന്മതൻ
ഭൂവിൽ ചവിട്ടണം.
നല്ല നാളേക്കു നീ
ത്യാഗങ്ങൾ ചെയ്യണം.
ഏകനാം ദൈവത്തെ
മാത്രം വണങ്ങണം,
ഇഹപര വിജയത്തിൻ
മാർഗെ ചരിക്കണം.
ഏതു വിപത്തിലും
നീ ക്ഷമിച്ചീടണം.
ഉപകാരമേകാൻ നീ
തല്പരനാകണം.
പ്രാർഥനയെപ്പഴും
മുറുകെ പിടിക്കണം
പാരിതിൽ നല്ലൊരു
മർത്യനായ് മാറണം.
തെല്ലുമഹങ്കാരം
കാട്ടി നടക്കല്ലെ,
വിനയം അലങ്കാര-
മാണെന്നറിയണം.
കരുണ നീ കാട്ടണം
ജീവജാലങ്ങൾക്ക്
കാരുണ്യവാൻ കരുണ
നിന്നോടു കാണിക്കും.
എൻ പൊൻ മകനേ, നീ
നന്നായ് വളർന്നിടൂ
നേരിന്റെ കാവലായ്
എന്നും വിളങ്ങിടൂ...




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
01 JUNE 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

“അക്ഷര
വെളിച്ചത്തിനൊരു
കൈത്താങ്ങ്”



# വിദ്യാനിധി

## സ്കൂൾ കിറ്റ്

ഒരു കുട്ടിക്ക്
₹800

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

**Account** STATE BANK OF INDIA

Customer Name : WISDOM ISLAMIC STUDENTS ORGANIZATION
Account Number : 40078735595
Branch Name : PALAYAM
Branch IFSC : SBIN0008635

**UPI ID** WISDOMISLAMICSTUDENTSCALICUT@SBI

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode